

# ഗുരുദേവനും ദളിതരും

ടി.കെ. പദ്മാകരൻ, ചെങ്ങന്നൂർ

പൗരസ്ത്യ യതീശ്വരന്മാരുടേയും പ്രവാചകന്മാരുടേയും ജനനപാരമ്പര്യത്തെ സ്വ ജീവിതത്തിൽ പകർത്തിയ യുഗപ്രഭാവനായ യതിവര്യൻ, അയലുതഴപ്പതിനായതിപ്രയത്നം നയമറിയും നരനാചരിച്ചീടേണം എന്നും അവനവനാത്മസുഖത്തിനാചരിക്കുന്നവയപരന്നു സുഖത്തിനായ് വരേണം എന്നും മാനവരാശിയെ ഉപദേശിച്ച മഹാദാർശനികൻ, ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്, മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നീ അരുളുകളിലൂടെ ഏകമതത്തിന്റെ പ്രണേതാവും പ്രയോക്താവും തദ്വാരാ മതസഹിഷ്ണുതയുടെ ഉത്തമ പ്രതീകവുമായിത്തീർന്ന ആത്മീയനേതാവ്, ജാതിഭേദവും,മതദ്വേഷവുമില്ലാതെ മാനവർ സൗഹൃദത്തോടും സമഭാവനയോടും വാഴുന്ന മാതൃകാരാജ്യം-ലോകം വിഭാവന ചെയ്ത വിശ്വപൗരൻ ലോകഗുരു ഒരു പീഡ എറുമ്പിനു പോലും വരുത്തരുതെന്ന് ആത്മാർത്ഥമായി ആഗ്രഹിച്ച, ഉപദേശിച്ച അനുകമ്പാമൂർത്തി, വിദ്യകൊണ്ട് പ്രബുദ്ധരാകുവാനും സംഘടനകൊണ്ട് ശക്തരാകുവാനും അടിമത്തത്തിലും അന്ധകാരത്തിലും അകപ്പെട്ട് ഇരുകാലി മാടുകളെപ്പോലെ അസംഘടിതരായി കഴിഞ്ഞുകൂടിയിരുന്ന ഏഴകളെ ഉപദേശിച്ച സാമൂഹ്യ പരിഷ്കർത്താവ്, കേരളനവോത്ഥാനത്തിനു തുടക്കം കുറിച്ച വിപ്ലവകാരിയായ നവോത്ഥാന നായകൻ, മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കൊടുക്കരുത്, കുടിക്കരുത് എന്ന് ഉദ്ബോധിപ്പിച്ച സാംസ്കാരിക നായകൻ. ജാതി ചോദിക്കരുത്, പറയരുത്, വിചാരിക്കരുത് എന്ന ഉദ്ബോധനത്തിലൂടെ ആജീവനാന്തം ജാതിക്കും തജ്ജന്യങ്ങളായ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ സുധീരം പോരാടി വിജയം വരിച്ച പതിതകാരുണികൻ, മഹാകവി, എല്ലാറ്റിനുമുപരി ദൈവ സമാനൻ എന്നീ നിലകളിൽ പരക്കെ അറിയപ്പെടുകയും ലക്ഷോപലക്ഷം ജനങ്ങളാൽ ആദരിക്കപ്പെടുകയും ആരാധിക്കപ്പെടുകയും അവർക്കത്താണിയായി നിലകൊള്ളുകയും ചെയ്യുന്ന ഗുരുദേവന്റെ പേരിനോട് ഈഴവ പദം ചേർത്ത് അവിടുത്തെ വിശേഷിപ്പിച്ച് അപകീർത്തിപ്പെടുത്താൻ ശ്രമിച്ച ചരിത്രകാരനും നിരൂപകനും മഹാകവിയും ഉണ്ടെന്നുള്ളത് ആശ്ചര്യകരമായി തോന്നിയേക്കാം.

Sree Narayana Guru was an Ezhava Saint എന്ന് ചരിത്രകാരനായ എ. ശ്രീധരമേനോനും [ പുറം 371- A survey of Kerala History], ഈഴവാചാര്യൻ എന്ന് പ്രശസ്തനിരൂപകനായ കുട്ടികൃഷ്ണമാരാരും (പുറം 40-പലരും പലതും), പാരിൻ ധർമ്മമുയർത്തുവാൻ യദുകുലേ പണ്ടെന്ന പോലീഴവന്മാരിൽ സ്വാമി പിറന്നു എന്ന് മഹാകവി വള്ളത്തോളും (ഷഷ്ടിപൂർത്തി മംഗളാശംസ) വിശേഷിപ്പിച്ച് ഗുരുദേവനെ ഈഴവീകരിച്ച് പുകഴ്ത്താൻ ശ്രമിച്ചിട്ടുണ്ട്.

ഗുരുദേവനെപ്പറ്റി, അവിടുത്തെ വിശുദ്ധിയേയും പ്രശസ്തിയേയും പ്രാമുഖ്യത്തേയും കണക്കിലെടുക്കാതെ,അവാസ്തവ പ്രസ്താവനകൾ നടത്താൻ ചിലർ വൃദ്ധാശ്രമം നടത്തിയിട്ടുണ്ട്. ഗുരുദേവൻ മന്നത്തു പദ്മനാഭനേയും അയ്യൻ കാളിയേയും പോലുള്ള ഒരു സമുദായനേതാവു മാത്രമായിരുന്നു, അവിടുന്ന് ഒരു സാമൂഹ്യപരിഷ്കർത്താവല്ലായിരുന്നു, അവിടുത്തേക്ക് അത്ഭുതസിദ്ധികളൊന്നും ഇല്ലായിരുന്നു. അദ്വൈതത്തിൽ അവിടുന്ന് ശങ്കരാചാര്യരുടെ ആവർത്തനമായിരുന്നു. അവിടുന്ന് ചട്ടമ്പിസ്വാമികളുടെ ശിഷ്യനായിരുന്നു. അവിടുത്തെ രണ്ടു വർഷത്തെ വിവാഹ ജീവിതം ഉണ്ടായിരുന്നു. (ജീവിതത്തിലെ ഒരു പ്രശ്നം പുറം 133 ശ്രീ നാരായണഗുരു സമാഹാരഗ്രന്ഥം-വി.കെ.ബാലകൃഷ്ണൻ) അവിടുന്നു മധുവിധു ആഘോഷിച്ചു. ( ഗുരു-നോവൽ-കെ.സുരേന്ദ്രൻ, നാരായണം -നോവൽ പെരുമ്പടവം ശ്രീധരൻ) എന്നിവയാണവ. പക്ഷേ ഈ വിഷലിപ്തങ്ങളും അയഥാർത്ഥങ്ങളുമായ ആരോപണങ്ങളുടെ നിരർത്ഥകത മനസ്സിലാക്കിയ സഹൃദയർ നിഷ്കരുണം അവയെ തള്ളിക്കളയുകയാണുണ്ടായത്.

എന്നാൽ ഈ അടുത്ത കാലത്തായി ഗുരുദേവന്റെ സംശുദ്ധമായ സന്ന്യാസ ജീവിതത്തേയും അവിടുത്തെ സാംസ്കാരിക സാമൂഹിക നവോത്ഥാന പ്രവർത്തനങ്ങളേയും പറ്റി ശരിയായി പഠിക്കാതെ, വിലയിരുത്താതെ, അല്പജ്ഞാനികളായ, അഭ്യസ്തവിദ്യരെന്നും, പുരോഗമനവാദികളെന്നും സ്വയം നടിച്ചു ഞെളിഞ്ഞുനടക്കുന്ന, ക്ഷുദ്രജീ

വികളായ ചില ദളിതയുവാക്കൾ, പൂർണ്ണ ചന്ദ്രനെക്കണ്ട് ഓരിയിടുന്ന കുറുക്കന്മാരെപ്പോലെ, അവിടുത്തെ അന്യാദൃശമായ മാഹാത്മ്യത്തിൽ അസൂയ പൂണ്ട് ഹാലിളകി അവാസ്തവ പ്രസ്താവനയുമായി രംഗത്തെത്തിയിരിക്കുകയാണ്. "ഗുരുദേവൻ ഈഴവരുടെ നന്മയ്ക്കായി മാത്രം പ്രവർത്തിച്ചതാണെന്നും ദളിതർക്കുവേണ്ടി യാതൊന്നും ചെയ്തിട്ടില്ലെ"ന്നും ആണ് അവരുടെ പരാതി.

ഗുരുദേവന്റെ ദർശനങ്ങളും അവിടുന്നു ജനങ്ങൾക്കു നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഏതെങ്കിലും വിഭാഗം ജനതയെ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നില്ല, മറിച്ച് അവശരും ആർത്തരും ആലംബഹീനരുമായിരുന്ന മർദ്ദിതജനവിഭാഗത്തിന് മൊത്തത്തിലുള്ളതായിരുന്നു. സംഘടനകൊണ്ട് ശക്തരാവുക എന്ന അവിടുത്തെ ഉപദേശം അസംഘടിതരായി കഴിഞ്ഞിരുന്നതൊട്ടുകൂടാത്തവരും തീണ്ടികൂടാത്തവരും മറ്റുള്ളവരുടെ ദൃഷ്ടിയിൽപ്പെട്ടാൽ ദോഷമുള്ളവരുമായിരുന്ന ജനവിഭാഗങ്ങൾക്കുവേണ്ടിയായിരുന്നു.അവിടുന്നു കടൽത്തീരത്തെ മണലുപോലെ അസംഘടിതരായിക്കഴിഞ്ഞിരുന്ന ഈഴവ-തീയ്യ സമുദായങ്ങളെ സംഘടിപ്പിക്കുന്നതിനും അവരുടെ ന്യായമായ അവകാശങ്ങൾ കണക്കു പറഞ്ഞു വാങ്ങുന്നതിനും വേണ്ടിയാണ് 1903-ൽ ശ്രീ നാരായണ ധർമ്മ പരിപാലനയോഗം സ്ഥാപിച്ചത്. ഇതിന്റെ വെളിച്ചത്തിലും ഗുരുദേവന്റെ ഉപദേശത്താൽ പ്രചോദിതനായുമാണ് ശ്രീമാൻ അയ്യങ്കാളി 1907-ൽ പുലയരുടെ അഭ്യുന്നതിക്കായി സാധുജനപരിപാലനയോഗം സ്ഥാപിച്ചത്. ഈ വസ്തുത അടിവരയിട്ടുറപ്പിക്കാൻ പോന്നവയാണ് താഴെ ഉദ്ധരിക്കുന്നവ.

"ശ്രീ നാരായണ ഗുരുദേവൻ അരുവിപ്പുറത്ത് ശിവലിംഗപ്രതിഷ്ഠ നടത്തിയ കാലത്ത് അയ്യൻകാളിക്ക് 25 വയസ്സ് പ്രായമായിരുന്നു. വെങ്ങാന്നൂരും പരിസരപ്രദേശത്തുമുള്ള സ്വന്തം സമുദായങ്ങൾക്കിടയിൽ ശക്തമായ സ്വാധീനമുണ്ടായിരുന്ന അയ്യൻകാളി ഏതാനും കൂട്ടുകാരുമൊത്ത് ഒരു ദിവസം അരുവിപ്പുറത്തുചെന്ന് ഗുരുദേവനെ നമസ്കരിച്ചു. ഗുരുദേവൻ കാളിയെ ശ്രദ്ധാപൂർവ്വം നോക്കി. ആ ക്രാന്തദർശിക്ക് അയ്യൻകാളിയിൽ ഒളിഞ്ഞുകിടന്നിരുന്ന കഴിവുകളെ ഒറ്റനോട്ടത്തിൽ തന്നെ മനസ്സിലാക്കാൻ കഴിഞ്ഞു. ഗുരുദേവന്റെ മന്ദസ്മിതം തൂകിക്കൊണ്ടുള്ള നിർദ്ദേശം കേട്ട കാളി സമീപത്തിരുന്നു. കാളി പറഞ്ഞതെല്ലാം ഗുരുദേവൻ ശ്രദ്ധയോടെ കേട്ടു. എന്നിട്ട് കാളിക്കും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കും അദ്ദേഹം അനുഗ്രഹം ചൊരിഞ്ഞു.ധീരതയോടെ പ്രവർത്തിച്ചു മുന്നേറുവാൻ അദ്ദേഹം കാളിയെ ഉപദേശിക്കുകയും ചെയ്തു." (അയ്യൻകാളിയുടെ 63-ാം ചരമദിനം പ്രമാണിച്ച് പ്രൊഫ. ഷാജി പ്രഭാകരൻ ചരിത്രത്തിന്റെ വില്ലുവണ്ടിയിൽ വന്ന അയ്യൻകാളി എന്ന തലക്കെട്ടിൽ 18-6-2004-ലെ കേരളകൗമുദിയിൽ എഴുതിയ ലേഖനം.)

സംഘടിച്ചു ശക്തരാകുവാനുള്ള ശ്രീനാരായണഗുരുദേവന്റെ ആഹ്വാനം അയ്യൻകാളിയുടെ മനസ്സിൽ ആഴ്ന്നിറങ്ങി. ആയിടയ്ക്കാണ് ഗുരുദേവനുമായി പാച്ചല്ലൂരിലെ നാരായണൻ വൈദ്യരുടെ തറവാടായ തോപ്പടിയിൽ വച്ച് അയ്യൻകാളി കണ്ടുമുട്ടി ചർച്ച നടത്തിയത്. അത് അയ്യൻകാളിയുടെ ജീവിതത്തിലെ ഒരു വഴിത്തിരിവായിരുന്നു. ആ സമാഗമത്തിൽ നിന്നും ഉയിർക്കൊണ്ട ആശയമാണ് 1903-ലെ ശ്രീ നാരായണ ധർമ്മ പരിപാലനയോഗത്തിന്റെ മാതൃകയിൽ രൂപം കൊണ്ട ആദ്യത്തെ അധ:സ്ഥിതന്റെ (1907) സംഘടനയായ സാധുജനപരിപാലനയോഗം. (കെ.പി.എം എസ് സംസ്ഥാന സെക്രട്ടറി വെള്ളാർ സുരേന്ദ്രൻ ഈ പാദമുദ്രകളിൽ നമിക്കുക. എന്ന ശീർഷകത്തിൽ 18-6-2004 ലെ കേരളകൗമുദിയിൽ എഴുതിയ ലേഖനം.)

വളർന്നു വന്നപ്പോൾ താൻ ജനിച്ച പുലയസമുദായത്തിലെ അവശതകളിൽ അദ്ദേഹം പരിതപിച്ചു. ശ്രീ നാരായണഗുരുവിനേയും ഡോ.പൽപ്പുവിനേയും സമീപിച്ച് അവയ്ക്ക് അദ്ദേഹം പരിഹാരം അന്വേഷിച്ചു. ശ്രീ നാരായണന്റെ അനുഗ്രഹത്തോടുകൂടി തദർത്ഥം സാധുജനപരിപാലനയോഗം എന്നൊരു സംഘടന അദ്ദേഹം രൂപീകരിച്ചു. ( പുറം 54-ാം ചരിത സംഗ്രഹസാഗരം. ജീവചരിത്ര നിഘണ്ടു. പുള്ളിപ്പട്ടു കുഞ്ഞികൃഷ്ണൻ)

സാധുജനപരിപാലനയോഗ സ്ഥാപനത്തെ തുടർന്ന് കേരളത്തിലെ ചെറുതും വലുതുമായ അവർണ്ണ സവർണ്ണ സമുദായങ്ങളുടെ സംഘടനകൾ ഒന്നിനു പിറകേ ഒന്നായി ഉണ്ടാവുകയും അവകാശങ്ങൾ കണക്കു പറഞ്ഞു വാങ്ങാൻ ശ്രമിക്കുകയും ചെയ്തു. ഇന്നും ശ്രമിച്ചുകൊണ്ടേയിരിക്കുന്നു.

ഗുരുദേവൻ ദളിതരുടെ ക്ഷേമത്തിലും പുരോഗതിയിലും എത്രമാത്രം ബദ്ധശ്രദ്ധനായിരുന്നു എന്നതിലേക്ക് വിരൽചൂണ്ടുന്നു. ശ്രീ കോയിക്കൽ ജേക്കബ്, എം.എ. എഴുതിയ ശ്രീ നാരായണഗുരു എന്ന കൃതിയിലെ ഒരു ഭാഗം ഉദ്ധരിക്കുന്നു.

എസ്.എൻ.ഡി.പി. യോഗം സംഘടിപ്പിച്ചപ്പോൾ ഈഴവർക്കുമാത്രമായി ആ സംഘടനയിൽ പ്രവേശനം പരിമിതപ്പെടുത്താതെ പുലയരുൾപ്പെടെയുള്ള എല്ലാ വിഭാഗക്കാരേയും അംഗങ്ങളായി ചേർക്കാൻ അനുവദിക്കണമെന്ന് ഗുരുദേവൻ നിർബന്ധിച്ചു. തങ്ങളോടൊപ്പം ഹരിജനങ്ങളുടെ പുരോഗതിയിൽ ഗുരുദേവൻ താൽപ്പര്യം പ്രദർശിപ്പിച്ചുപോന്നു. ഹരിജനങ്ങളുടെ ഉന്നതിയെക്കൂടി ലാക്കാക്കി പ്രവർത്തിക്കത്തക്കവണ്ണം യോഗത്തിന്റെ ഘടന ഭേദഗതി ചെയ്യണമെന്ന് സ്വാമികൾ യോഗം ഭാരവാഹികളെ നിർബന്ധിച്ചിരുന്നു. (പുറം 131)

1097-ൽ കൊല്ലം പെരിനാട്ടുവച്ച് ശ്രീ മൂർക്കോത്തു കുമാരന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ വിശേഷാൽ സമ്മേളനത്തിൽ പാസ്സാക്കിയ പ്രമേയത്തിലും ( പുറം 40 ശ്രീ നാരായണഗുരുവും ശിഷ്യന്മാരും. കോട്ടുകോയിക്കൽ വേലായുധൻ) കൊല്ലവർഷം 1102 മകരം 17-ാം തീയതി (1927 ഫെബ്രുവരി) യോഗത്തിന്റെ സംഘടനാപരമായ കാര്യങ്ങളുടെ ആലോചനയ്ക്ക് ഗുരുദേവന്റെ സാന്നിദ്ധ്യത്തിൽ ശിവഗിരിയിൽ ചേർന്ന മഹായോഗത്തിന് അവിടുന്നു നൽകിയ സന്ദേശത്തിലും യോഗത്തിൽ ജാതിഭേദം നോക്കാതെ ആളുകളെ ചേർക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എസ്.എൻ.ഡി.പി. യോഗത്തിന്റെ കവാടങ്ങൾ ദളിതർക്കും മറ്റവശസമുദായങ്ങൾക്കുമായി തുറന്നിട്ടിട്ടും അവർ എന്തുകൊണ്ട് യോഗത്തിൽ അംഗങ്ങളായി ചേരാൻ വിസമ്മതിച്ചു? അപ

കർഷതാബോധം കൊണ്ടോ അതോ അവരുടെ തനതായ ഐഡന്റിറ്റി നില നിർത്താൻ ആഗ്രഹിച്ചതുകൊണ്ടോ?

വിദ്യകൊണ്ടു പ്രബുദ്ധരാവുക എന്ന ഗുരുദേവന്റെ ഉപദേശം ഈഴവരെമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നില്ല എന്നത് അവിടുത്തെ പ്രവർത്തനങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

സർക്കാർ വക സ്കൂളുകളിൽ ദളിതർ ഉൾപ്പെടെയുള്ള അയിത്ത ജാതിക്കാരുടെ പ്രവേശനത്തിനായി ഗുരുദേവനും എസ്.എൻ.ഡി.പി. യോഗവും പരമാവധി പ്രയത്നിച്ചു.അതിന്റെ ഫലമായി അവർക്ക് നാമമാത്രമായ പ്രവേശനം ലഭിച്ചു. ഗുരുദേവൻ സ്വന്തമായി വിദ്യാലയങ്ങൾ സ്ഥാപിച്ച് അവയിൽ നാനാജാതി മതസ്ഥർക്കും പ്രവേശനം അനുവദിച്ച്. താമസിച്ചു പഠിക്കുവാൻ സൗകര്യം ചെയ്തു കൊടുത്തത് ദളിതരോട് അവിടുത്തേയ്ക്കുണ്ടായിരുന്ന സ്നേഹവാത്സല്യങ്ങൾക്ക് നിദർശനമല്ലേ?

1090-ചിങ്ങം 7-ാം തീയതി (1914) അദ്വൈതാശ്രമം സംസ്കൃതവിദ്യാലയത്തിന്റെ പ്രവർത്തനം തുടങ്ങി. ജാതിമതഭേദമില്ലാതെ അവിടെ വിദ്യാർത്ഥികൾക്കു താമസിച്ചു പഠിക്കാൻ ഏർപ്പാടുചെയ്തു.ഗുരുദേവൻ ആലുവാ സംസ്കൃതസ്കൂളിൽ ചേർത്ത് അവിടുത്തെ ഹോസ്റ്റലിൽ താമസിച്ചു പഠിച്ച പുലയ ബാലന്മാരിൽ ഒരാളായിരുന്നു തിരുവിതാംകൂർ നിയമസഭയിൽ അംഗവും അതിന്റെ ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന ടി.ടി. കേശവൻശാസ്ത്രി അവർകൾ. പുലയർക്കും പറയർക്കും ഒരു ജീവിതവൃത്തി ഉണ്ടാക്കിക്കൊടുക്കുന്നതിനുവേണ്ടി ശിവഗിരിയിൽ ഒരു വീവിംഗ് സ്കൂൾ സ്ഥാപിച്ചു. ഇതേപ്പറ്റി ശ്രീ സി.കേശവൻ ജീവിതസമരത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. (പുറം 210) 1081-ൽ ശിവഗിരിക്കടുത്ത് വെട്ടൂരിൽ കുറവജാതിയിൽപ്പെട്ട സാധുക്കൾക്കുവേണ്ടി ഗുരുദേവൻ ഒരു പാഠശാല സ്ഥാപിച്ചുകൊടുക്കുകയുണ്ടായി എന്ന് ശ്രീ കോയിക്കൽ ജേക്കബ് ശ്രീനാരായണഗുരു എന്ന കൃതിയിൽ ( പുറം 130) പ്രസ്താവിച്ചുകാണുന്നു.14,12,10,9 വയസ്സുള്ള നാലു പറയക്കുട്ടികളെ തൃപ്പാദങ്ങളുടെ ചെലവിൽ ശിവഗിരിമഠത്തിൽ താമസിപ്പിച്ചു പഠിപ്പിച്ചതായി ശ്രീ. പഴമ്പള്ളി അച്യുതൻ ശ്രീനാരായണഗുരു സ്മരണകൾ എന്ന കൃതിയിൽ(പുറം 99) രേഖപ്പെടുത്തിയിട്ടുണ്ട്.

ഒച്ചപ്പാടും ബഹളവും കൂടാതെ പുലയ പറയ സമുദായങ്ങളെ ദളിതരെ- ഉദ്ധരിക്കുവാനുള്ള സംരംഭങ്ങൾ തന്റെ ജീവിതചര്യയുടെ ഭാഗമായി ഗുരുദേവൻ അനുവർത്തിച്ചു വന്നു. 1915 ആഗസ്റ്റിൽ ( ചിങ്ങമാസത്തിൽ) ചെങ്ങന്നൂർ പെരിങ്ങാല ശ്രീധരസ്വാമിയുടെ ആശ്രമത്തിൽ എഴുന്നെള്ളിയിരുന്നു ഗുരുദേവൻ, അവിടുത്തെ പ്രാഥമിക വിദ്യാലയത്തിൽ വച്ചുനടന്ന യോഗത്തിൽ അവിടുത്തെ ഈ പ്രവൃത്തി പ്രദർശിപ്പിച്ചു. യോഗം തീരുന്നതിനു മുമ്പായി ആ സ്കൂളിൽ പഠിക്കുന്ന ഏഴു പുലയക്കുട്ടികളേയും അവിടുന്ന് വിളിച്ച് പ്ലാറ്റ് ഫോമിന്റെ മുമ്പിൽ ഇരുത്തി. അവരെ ഓരോരുത്തരേയും അരികിൽ വിളിച്ചു വരുത്തി തൃക്കൈകൊണ്ട് പഞ്ചസാരകൊടുക്കുകയും വൃത്തിയായി നടക്കണമെന്നും താല്പര്യമായി പഠിക്കണമെന്നും വാത്സല്യത്തോടെ ഉപദേശിക്കുകയും ചെയ്തു. ആ കുട്ടികളിൽ ഒരുവനെ നോക്കി അവൻ പഠിക്കാൻ താല്പര്യമുള്ള ബുദ്ധിമാനായ കുട്ടിയല്ലേ? എന്ന് അദ്ധ്യാപകരോടു ചോദിക്കുകയും അദ്ധ്യാപകൻ അതു സമ്മതിക്കുകയും ചെയ്തു. അപ്പോൾ ഗുരുദേവൻ ആ കുട്ടിയെ അടുത്തു വിളിച്ച് അറിയാവുന്നതുപോലെ ഒരു പ്രസംഗം ചെയ്യാൻ ആവശ്യപ്പെട്ടു. കുട്ടിയുടെ ലഘുപ്രസംഗം അവിടുത്തേക്ക് വളരെ ഇഷ്ടപ്പെട്ടു. യോഗത്തിനു ശേഷം ഗുരുദേവൻ ആ കുട്ടിയെ കൂട്ടത്തിൽ കൊണ്ടുപോവുകയും അവനും ഒരുമിച്ചിരുന്ന് അരീക്കര പുരുഷോത്തമന്റെ വീട്ടിൽ വച്ച് ഭക്ഷണം കഴിക്കുകയും ചെയ്തു. (അവലംബം-പുറം 109, ശ്രീനാരായണഗുരുസ്വാമികൾ-നവോത്ഥാനത്തിന്റെ പ്രവാചകൻ-പി.പരമേശ്വരൻ)

ഇതു വ്യക്തമാക്കുന്നത് ഗുരുദേവൻ പുലയ പറയ (ദളിത) കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിലും നാനാവിധമായ ഉന്നതിയിലും അതീവതല്പരനായിരുന്നു എന്നല്ലാതെ മറ്റെന്താണ്?

നെയ്യാറ്റിൻകര താലൂക്കിൽ ഊരുട്ടമ്പലം പെൺ പള്ളിക്കൂടത്തിൽ ചേർക്കാൻ ഏതാനും പുലയപെൺകുട്ടികളെ അവരുടെ രക്ഷകർത്താക്കൾ കൊണ്ടുവന്നപ്പോൾ, ഏതാനും നായർ പ്രമാണിമാർ അതിനെ എതിർത്തു. ഇതേച്ചൊല്ലി 1915-16 കാലത്ത് നെയ്യാറ്റിൻകരയിൽ ഒരു നായർ പുലയ ലഹള നടക്കുകയുണ്ടായി. സവർണ്ണ ഹുന്ദുക്കളും പുലയരും തമ്മിലുണ്ടാകുന്ന വഴക്കുകളിൽ പലപ്പോഴും ഈഴവർ സവർണ്ണരുടെ ഭാഗം ചേർന്നു നിന്നുകൊണ്ട് പുലയരെ ദ്രോഹിക്കുക അന്ന് അപൂർവ്വമല്ലായിരുന്നു. ഈഴവരിൽ ചിലരുടെ ഈ മനോഭാവം ഗുരദേവനെ വല്ലാതെ വേദനിപ്പിച്ചു. നെയ്യാറ്റിൻകരയിൽ പൊട്ടിപ്പുറപ്പെട്ട നായർ പുലയ ലഹളയിൽ ഈഴവരിൽ ചിലർ പുലയർക്കെതിരെ നായന്മാരുടെ കക്ഷി പിടിച്ചുനിന്നു. പുലയരുടെ നേതാവായ അയ്യൻകാളി ഗുരുദേവനെ നേരിട്ടുകണ്ട് ഈ വിവരങ്ങൾ അവിടുത്തെ ശ്രദ്ധയിൽപ്പെടുത്തി. നെയ്യാറ്റിൻകരയിലുള്ള സകല ഈഴവപ്രമാണികളേയും ഗുരുദേവൻ വിളിച്ചുവരുത്തി പുലയരുടെ ഉദ്ഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അവരെ പ്രത്യക്ഷമായും പ്രബലമായും സഹായിക്കണമെന്ന് ഉപദേശിക്കുകയും ചെയ്തു. ഇതു സംബന്ധിച്ചുള്ള ഒരു റിപ്പോർട്ട് 1090 ലക്കം വിവേകോദയത്തിൽ 'സ്വാമി തൃപ്പാദങ്ങളും പുലയരും' എന്നു തലക്കെട്ടിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലെ ഏതാനും വാചകങ്ങൾ ഉദ്ധരിക്കുന്നു.

പുലയരുടെ നേതാവായ മിസ്റ്റർ അയ്യൻകാളിയും മറ്റു പലരും കോട്ടുകാൽ വച്ച് ഗുരുദേവനെ ചെന്നു സന്ദർശിക്കുകയുണ്ടായി. ഈ അവസരത്തിൽ എസ്.എൻ.ഡി.പി. യോഗ പ്രവർത്തകരിൽ നിന്നും അവർക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഹൃദയപൂർവ്വകമായ സഹായത്തേയും അവരോടു പ്രദർശിപ്പിക്കുന്ന നിഷ്കപടമായ അനുകമ്പയേയും പറ്റി അവർക്കുള്ള കൃതജ്ഞതയെ മിസ്റ്റർ കാളി പ്രസ്താവിക്കുന്നതു കേട്ട് തൃപ്പാദങ്ങൾക്കു കൃതാർത്ഥത തോന്നി എന്നറിയുന്നതിൽ ഞങ്ങൾ ഏറ്റവും സന്തോഷിക്കുന്നു. ( പുറം 15- കുമാരനാശാന്റെ ഗദ്യലേഖനങ്ങൾ, വാല്യം-3)

തിരുവിതാംകൂറിൽ അവർണ്ണർക്ക്

സവർണ്ണ ഹിന്ദു ക്ഷേത്രങ്ങളിലും സർക്കാർ വകക്ഷേത്രങ്ങളിലും കയറി ആരാധന നടത്തുവാൻ അവകാശവും അധികാരവും ഇല്ലായിരുന്നു. ഇതിനെതിരെ ഗുരുദേവന്റെ പ്രചോദനത്താൽ ടി.കെ.മാധവന്റെ നേതൃത്വത്തിൽ ഈഴവർ നടത്തിയ സമരങ്ങളുടേയും ചെലുത്തിയ സമ്മർദ്ദങ്ങളുടെയും ഫലമായി 1936-ൽ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവ് എല്ലാ ഹിന്ദുക്കൾക്കും സർക്കാർവക ക്ഷേത്രങ്ങളിൽ പ്രവേശിച്ച് ആരാധന നടത്താൻ അനുവദിച്ചുകൊണ്ട് വിളംബരം പുറപ്പെടുവിച്ചു. ഈ പ്രവൃത്തിയെ അനുമോദിക്കുവാൻ വേണ്ടി തിരുവനന്തപുരത്തു ചേർന്ന വമ്പിച്ച സമ്മേളനത്തിൽ ശ്രീ സി.രാജഗോപാലാചാരി ചെയ്ത പ്രസ്താവന ഈഴവരെപ്പോലെ ഒരു സമുദായം ഇവിടെ ഉണ്ടായിരുന്നതുകൊണ്ടാണ് ക്ഷേത്രപ്രവേശനം ഉണ്ടായത്. ക്ഷേത്രപ്രവേശനവിളംബരം പുറപ്പെടുവിക്കുന്നതിൽ ഈഴവർ വഹിച്ച പങ്ക് എത്രമാത്രം വലുതായിരുന്നുവെന്ന് കാണാവുന്നതാണ്. അതിന്റെ ഫലമായി കേരളത്തിലെ ദളിതർ ഉൾപ്പെടെയുള്ള അയിത്ത ജാതിക്കാർക്ക് സർക്കാർ വക ക്ഷേത്രങ്ങളിൽ യഥേഷ്ടം പ്രവേശിച്ച് ആരാധന നടത്താൻ സൗകര്യം ഉണ്ടായി.

ക്ഷേത്രപ്രവേശന വിളംബരം പുറപ്പെടുവിക്കുന്നതിനുമുമ്പേ തന്നെ ഗുരുദേവൻ നിർമ്മിച്ച ക്ഷേത്രങ്ങളിലും അവിടുന്നു പ്രതിഷ്ഠ നടത്തിയിട്ടുള്ള ക്ഷേത്രങ്ങളിലും ദളിതർക്കു പ്രവേശനം അനുവദിച്ചതിനു പുറമേ അവരിൽ ചിലരെ അവയിൽ ചിലതിൽ പൂജാരിമാരായി നിയമിക്കുകയും ചെയ്തു. ഇതേപ്പറ്റി ശ്രീ കോയിക്കൽ ജേക്കബ് ശ്രീ നാരായണ ഗുരു എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് സന്ദർഭത്തിന് അനുയോജ്യമായതിനാൽ ഉദ്ധരിക്കുന്നു.

പുലയരുടേയും പറയരുടേയും നേരെയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും അവരുടെ നില ഉയർത്തുന്നതിനും വേണ്ടി പല ക്ഷേത്രങ്ങളിലും ഗുരുദേവൻ പുലയ പറയ യുവാക്കന്മാരെ പൂജാരിമാരായി ശുപാർശചെയ്തു. ശിവഗിരി ക്ഷേത്ര പൂജയ്ക്കായി ആ നാട്ടിലെല്ലാവരും അറിയുന്ന രണ്ടു പറയ ബാലന്മാരെ ഏർപ്പാടു ചെയ്തു. തിരുവിതാംകൂർ ദിവാനായിരുന്ന വാട്സ് ശിവഗിരി സന്ദർശിച്ചപ്പോൾ പൂജാരിമാരായ ഈ രണ്ടു പറയ ബാലന്മാരെ അടുത്തുനിന്നിരുന്ന ഒരു സന്ദർശകൻ ദിവാൻജിക്കു പരിചയപ്പെടുത്തി. ബ്രാഹ്മണർക്കു മാത്രം ചെയ്യാൻ അനുവദിക്കപ്പെട്ടിരുന്ന പൂജാവിധികൾ നാട്ടുകാർക്കെല്ലാം അറിയാവുന്ന പറയക്കുട്ടികളെക്കൊണ്ട് ചെയ്യിച്ച ഗുരുദേവന്റെ ധീരതയും അവരോടുള്ള അദ്ദേഹത്തിന്റെ കൂറും ശ്ലാഘനീയം തന്നെ. (പുറം131)

ഗുരുദേവൻ ശിവലിംഗ പ്രതിഷ്ഠനടത്തിയ അരുവിപ്പുറം ക്ഷേത്രത്തിൽ പുലയ പറയ വിഭാഗങ്ങൾക്കു പ്രവേശനം അനുവദിച്ചിരുന്നു. ഇതേപ്പറ്റി ശ്രീ ജി.പ്രിയദർശനൻ 'വിശ്വഗുരു' എന്ന സ്മരണികയിൽ 'ശ്രീ നാരായണ ഗുരുദേവൻ ചില ചരിത്ര സംഭവങ്ങൾ' എന്ന തലക്കെട്ടിൽ എഴുതിയ ലേഖനത്തിൽ ഇപ്രകാരമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ഒരിക്കൽ ശിവരാത്രി ആഘോഷം സ്വാമിയുടെ സാന്നിദ്ധ്യത്തിൽ അരുവിപ്പുറത്തു നടന്നു. ആ സന്ദർഭത്തിൽ ഹരിജനങ്ങളിൽ ചിലർ ചെണ്ടകൊട്ടു പഠിച്ച് ക്ഷേത്രത്തിനകത്ത്അരങ്ങേറ്റം നടത്താൻ ആഗ്രഹിച്ചു. സ്ഥലത്തുണ്ടായിരുന്ന യാഥാസ്ഥിതികരായ ചിലർ അതു തടഞ്ഞ വിവരം സന്നിധാനത്തിലുമെത്തി. ഗുരുദേവൻ പരിശോധനാർത്ഥം തന്റെ മുമ്പിൽ കൊട്ടാൻ അവരെ അനുവദിച്ചു. ഒടുവിൽ ഗുരുദേവൻ കൽപ്പിച്ചു. "കൊള്ളാം നന്നായി കുളിച്ച് കുറിയിട്ട് വൃത്തിയും ശുദ്ധിയും ഉള്ളവർ. പാവങ്ങൾ ഇവർ ക്ഷേത്രത്തിൽ പ്രവേശിച്ചുകൊള്ളട്ടെ." ഈ സംഭവത്തിനു ശേഷമാണ് "ജാതിഭേദം മതദ്വേഷമേതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിത്" എന്ന ശ്ലോകം അരുവിപ്പുറം ക്ഷേത്രഭിത്തിയിൽ പ്രത്യക്ഷപ്പെട്ടത്. ( പുറം 291)

ഇതിനു സമാനമായ ഒരു സംഭവം ശ്രീ നടരാജഗുരു The Word of the Guru ( ഗുരുവരുൾ) എന്ന കൃതിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതേതാണ്ട് ഇപ്രകാരമാണ്.

ഒരു ആലുവാ ശിവരാത്രി ദിവസം അർദ്ധരാത്രിയായപ്പോൾ അദ്വൈതാശ്രമത്തിൽ തിങ്ങിക്കൂടിയ ജനാവലിയുടെ മദ്ധ്യത്തിലേക്ക് ഗുരുദേവൻ വന്നു. അവിടെ ഗുരുദേവന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം നടന്നു. വാഗ്മികളായ പ്രാസംഗികർ ഒന്നിനു പിറകെ ഒന്നായി ഗുരുവിന്റെ തത്ത്വം മനസ്സിലാക്കിയ മാതിരി ദീർഘമായി പ്രസംഗിച്ചു. ജനക്കൂട്ടത്തിൽ നിന്നും അല്പം അകലം മാറി ചൂടും വെയിലുമേറ്റ് പണിചെയ്തതു മൂലം അധികം കരുവാളിച്ച കുറെ സ്ത്രീകളും കുട്ടികളും ഇരുന്നിരുന്നു. ഗുരുദേവന്റെ വെളിവാർന്ന കാരുണ്യം അവരിൽ പതിഞ്ഞു. അവിടുന്ന് പരിപാടികൾ ഒരു നിമിഷനേരത്തേക്ക് തടഞ്ഞുകൊ ണ്ട് സഭാവാസികളുടെ ശ്രദ്ധ ആ സാധുക്കളിലേക്കു തിരിച്ചു. അവരിൽ രണ്ടു ബാലന്മാരെ തന്റെ അരികിലേക്കു വിളിച്ച് അൻപാർന്ന വാക്കുകളിൽ കുശലം അന്വേഷിച്ചിട്ട് പ്ലാറ്റ്ഫോമിൽ തന്റെ ഇരുവശത്തും ഉപവിഷ്ടരാക്കി. ഇവരും മറ്റുള്ളവരെ പോലെ ദൈവത്തിന്റെ കുഞ്ഞുങ്ങളാണ് എന്ന് ഗുരുദേവൻ തന്നോടായി പറഞ്ഞു. ആ സമയത്ത് അവിടുത്തെ കണ്ണുകളിൽ കാരുണ്യാമൃതം നിറഞ്ഞു. ആ കണ്ണീർ കണങ്ങൾക്ക് ജനഹൃദയങ്ങളെ അനിതര സാദ്ധ്യമായ ഒരു പരിവർത്തനത്തിനു വിധേയമാക്കാൻ കഴിഞ്ഞു. ആ കുട്ടികളെ പിന്നീട് ഗുരുദേവൻ തന്റെ ആശ്രമത്തിലെ ആന്തേവാസികളായി സ്വീകരിച്ചു. അന്നത്തെ യോഗം അവസാനിച്ചപ്പോൾ ഒരു ദീർഘമായ പ്രസംഗത്തിനു പകരം തന്റെ സന്ദേശമെന്ന നിലയ്ക്ക്

*ജാതിഭേദം മതദ്വേഷമേതുമില്ലാതെ*
*സർവ്വരും*
*സോദരത്വേന വാഴുന്ന മാതൃകാ*
*സ്ഥാനമാണിത്*

എന്ന ചെറിയ പദ്യം ചൊല്ലിക്കൊടുത്തു. ( അവലംബം പുറം 40,41 മലയാളം തർജ്ജമ- ഗുരുനിത്യചൈതന്യയതി, മുനി നാരായണപ്രസാദ്)

തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ പുലയരെ കയറ്റുന്നതു സംബന്ധിച്ച് ജ്ഞാനോദയ യോഗക്കാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ടായി. ശ്രീ മൂർക്കോത്തു കുമാരനും അദ്ദേഹത്തിന്റെ ചില അടുത്ത സുഹൃത്തുക്കളും പുലയരെ ക്ഷേത്രത്തിൽ കടത്തുന്നതിന് അനുകൂലികളായിരുന്നു. ആ പ്രശ്നത്തിൽ എതിരാളികളായവർ അദ്ദേഹ

ത്തിന്റെ കുടുംബാംഗങ്ങളും ,ബന്ധുക്കളും ആജീവനാന്ത സുഹൃത്തുക്കളും നാട്ടുപ്രമാണികളും ധനികന്മാരുമായിരുന്നു. എന്നിട്ടും അദ്ദേഹം തന്റെ നിലപാടിൽ ഉറച്ചുനിന്നു. ഒടുവിൽ പ്രശ്നം ഗുരുദേവന്റെ തീർപ്പിനു വിടാമെന്ന് ഇരുകൂട്ടരും സമ്മതിച്ചതനുസരിച്ച് ഗുരുദേവൻ തലശ്ശേരിയിൽ എഴുന്നള്ളി ഇരുവിഭാഗത്തിനും പറയാനുണ്ടായിരുന്നത് മുഴുവൻ സശ്രദ്ധം കേട്ടു. അതിനുശേഷം വമ്പിച്ച ഒരു സദസ്സിൽ വച്ച് പുലയരെ ക്ഷേത്രത്തിൽ കടത്താം എന്ന് ഗുരുദേവൻ കൽപ്പിച്ചു. ഉടനെ അനേകം ജനങ്ങളുടെ മുമ്പിൽ വച്ച്, ഒരാളുടെ മുമ്പിലും തലകുനിച്ചിട്ടില്ലാത്ത മൂർക്കോത്തു കുമാരൻ, ഗുരുദേവന്റെ കാൽക്കൽ ഇടിവെട്ടേറ്റു വീണ തെങ്ങുപോലെ വീണു ദണ്ഡനമസ്കാരം ചെയ്തു. ഇതു കണ്ടുനിന്നവരെ മുഴുവൻ അതിശയിപ്പിച്ചു. ഇതാണ് മൂർക്കോത്തു കുമാരൻ ആദ്യമായും അവസാനമായും ചെയ്ത ദണ്ഡനമസ്കാരം. തുടർന്ന് ഗുരുദേവന്റെ സാന്നിദ്ധ്യത്തിൽ ഒരു ഭജനയോടുകൂടി പുലയർ ക്ഷേത്രത്തിൽ പ്രവേശിച്ചു പ്രദക്ഷിണം വയ്ക്കുകയും, ഗുരുദേവന് മുന്തിരിങ്ങ, കൽക്കണ്ടം മുതലായവ കാഴ്ചവെക്കുകയും ചെയ്തു. ആ കാഴ്ചദ്രവ്യങ്ങൾ അവിടെ കൂടിനിന്നവർക്കെല്ലാം ഗുരുദേവൻ എടുത്തു വിതരണം ചെയ്തു. അങ്ങനെ സന്തുഷ്ടരായ പുലയരിൽ ചിലർ ഗുരുവിന്റെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു. അതുകണ്ട് കരുണാർദ്രനായ ഗുരുവിന്റെ കണ്ണുകൾ ബാഷ്പം കൊണ്ട് നിറഞ്ഞു. അന്നുമുതൽ പുലയർക്ക് തലശ്ശേരി ജഗന്നാഥക്ഷേത്രത്തിൽ യഥേഷ്ടം പ്രവേശിച്ച് ആരാധന നടത്തുവാൻ സ്വാതന്ത്ര്യം ലഭിച്ചു.

സവർണ്ണർ ഈഴവരുടെ നേർക്കു കാണിച്ചിരുന്ന അനീതിയിൽ അവർ അങ്ങേയറ്റം അസഹിഷ്ണുത- അമർഷം പുലർത്തിയിരുന്നു. ജാതിശ്രേണിയിൽ തൊട്ടടുത്തു നിന്നിരുന്ന പുലയർ, പറയർ മുതലായ സമുദായങ്ങളോട് ഈഴവർ അതേ ക്രൂരത കാണിച്ചിരുന്നു എന്ന വസ്തുത ഗുരുദേവനെ വല്ലാതെ പീഡിപ്പിച്ചിരുന്നു. ഈഴവർ തെറ്റു തിരുത്തിയാലല്ലാതെ നീതിക്കുവേണ്ടി പോരടിക്കുവാനുള്ള അർഹത അവർക്കു കൈവരിക്കാനാവില്ലന്ന് ഗുരുദേവന് ഉറപ്പായിരുന്നു. അതുകൊണ്ട് അദ്ദേഹം അവരോടു പറഞ്ഞു പുലയർ മുതലായവരോട് വളരെ സ്നേഹമായി പെരുമാറണം . ഈഴവർ അവരേക്കാൾ താഴ്ന്നവരോട് പെരുമാറുന്നത് ഈഴവരേക്കാൾ ഉയർന്നവരെന്നു വിചാരിക്കുന്നവർക്കു കണ്ടു പഠിക്കത്തക്ക രീതിയിലായിരിക്കണം. ഇതു നിങ്ങൾ പ്രത്യേകം ശ്രദ്ധിച്ചു ചെയ്യേണ്ടതാണ്. (പുറം 08- ശ്രീ നാരായണഗുരു-നവോത്ഥാനത്തിന്റെ പ്രവാചകൻ- പി പരമേശ്വരൻ)

അതുകൊണ്ടാണ് ഗുരുദേവൻ, പുലയരേയും മറ്റു ഒപ്പം ഇരുത്തി ഊണുകഴിക്കുവാനും തങ്ങളോടൊപ്പം ക്ഷേത്രത്തിൽ പ്രവേശിപ്പിക്കുവാനും ഈഴവരെ മാനസികമായി തയ്യാറാക്കാൻ ശ്രമിച്ചത്. ആലുവാ അദ്വൈതാശ്രമത്തിലും ശിവഗിരിയിലും അടുക്കളയിൽ ഭക്ഷണം പാകം ചെയ്യാനും അതിഥികൾക്കു വിളമ്പാനും പറയ പുലയ ബാലന്മാരെയാണ് നിയോഗിച്ചത്, എന്ന ശ്രീ കോയിക്കൽ ജേക്കബ് ശ്രീ നാരായണഗുരു എന്ന കൃതിയിൽ ( പുറം 131) രേഖപ്പെടുത്തിയിരിക്കുന്നത് ഇതിനെ സാധൂകരിക്കുന്നു. ശിവഗിരിയിൽ സ്വാമിയുടെ അരിവയ്പുകാരനായി നാലഞ്ചുപറയ ബാലന്മാരുണ്ടായിരുന്നു എന്ന് ഡോക്ടർ വിജയാലയം ജയകുമാർ 'ശ്രീ നാരായണഗുരു- ഒരു സമഗ്രപഠനം' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ( പുറം 102)

പറയനെ പലകാലം പാചകനായ് .

നിയോഗിച്ച

പരബ്രഹ്മജ്ഞാനി- അന്യൻ പാരിലുണ്ടോ?

എന്ന ഈരടികൾ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

1925 മാർച്ച് 11-ാം തീയതി മഹാത്മാഗാന്ധി ശിവഗിരി സന്ദർശിച്ച് ഗുരുദേവനുമായി സംഭാഷണം നടത്തി. സംഭാഷണത്തിന്റെ അവസാനം സ്വാമിജിയുടെ ക്ഷേത്രത്തിൽ അധ:കൃതവർഗ്ഗക്കാർക്കു പ്രവേശനം ഉണ്ടോ? എന്ന ഗാന്ധിജിയുടെ ചോദ്യത്തിന് ഗുരുദേവൻ നൽകിയ മറുപടി ഇപ്രകാരമായിരുന്നു. "എല്ലാവർക്കും പ്രവേശനം അനുവദിച്ചിട്ടുണ്ട്. പുലയക്കുട്ടികളും പറയക്കുട്ടികളും ശിവഗിരിയിൽ മറ്റുള്ളവരോടൊപ്പം ഊണു കഴിച്ചു താമസിച്ചു പഠിക്കുന്നുണ്ട്. ആരാധനകളിലും സംബന്ധിക്കുന്നുണ്ട്." (പുറം 136- ശ്രീ നാരായണ ഗുരു- വിശ്വമാനവികതയുടെ പ്രവാചകൻ- പി.കെ. ഗോപാലകൃഷ്ണൻ)

1096 തുലാമാസത്തിൽ സരസകവി മൂലൂർ ശിവഗിരിയിൽ ചെന്നപ്പോൾ കരുവാ കൃഷ്ണനാശാനും പണ്ഡിതനായ കൃഷ്ണൻ നമ്പ്യാതിരിയും അവിടെ ഉണ്ടായിരുന്നു. അപ്പോൾ അവർ അവിടെ കണ്ടതിനെ മൂലൂരിന്റെ ഭാഷയിൽ പകർത്തട്ടെ. "പന്ത്രണ്ടു ശിഷ്യന്മാരും പ്രാർത്ഥനയിൽ ലയിച്ചിരുന്ന ഭഗവാൻ ക്രിസ്തുവിനെ അനുസ്മരിപ്പിക്കുന്ന മാതിരിയിലാണ് സ്വാമികളെ അപ്പോൾ ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞത്. പ്രഭാതത്തിൽ കുളിച്ചു ഭസ്മാലേപനം ചെയ്തു കാളാംബുദശ്യാമളന്മാരായ ഏതാനും പറയകുമാരന്മാർ കോരകിത ചാരുകരാരവിരുച്ചാരായി അവിടെ നിരന്നു നിന്നുകൊണ്ട് വീണാക്വാണത്തെ പിന്നിലാക്കുന്ന കാകളി നാദംകൊണ്ട് 'ദൈവമേ കാത്തുകൊൾകങ്ങ് കൈ വിടാതിങ്ങു ഞങ്ങളെ- നാവികൻ നീ ഭവാബ്ധിക്കൊ-രാവിവൻ തോണി നിൻപദം' എന്നും മറ്റുമുള്ള ഭക്തി രസപ്രധാനങ്ങളായ ഈശ്വരസ്തോത്രപദ്യങ്ങളെ സ്ഫുടാക്ഷരത്തിൽ ഉച്ചരിക്കുന്നു. പ്രഭാതസമയത്തുള്ള ഈ കാഴ്ചഞങ്ങളെ പുളകിത തനുക്കളാക്കിത്തീർത്തു." ( പുറം 172,173-സരസകവി മൂലൂർ പദ്മനാഭപ്പണിക്കർ. പ്രൊഫ. എം. സത്യപ്രകാശം.)

മേലുദ്ധരിച്ചവയിൽ നിന്നും കരുണാമയനായ ഗുരുദേവന് പുലയ-പറയ(ദളിത)രോട് എത്രമാത്രം വാത്സല്യമുണ്ടായിരുന്നുവെന്നും ജാതിപരമായ യാതൊരു വിവേചനവും അവരോട് കാണിച്ചിരുന്നില്ലെന്നും ബോദ്ധ്യമാവുന്നതാണ്.

ഗുരുദേവന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരം മുട്ടത്തറ എന്ന സ്ഥലത്തു ചേർന്ന പുലയരുടെ ഒരു യോഗത്തെ അഭിസംബോധനചെയ്തുകൊണ്ട് അവിടുന്നു ചെയ്ത പ്രസംഗത്തിൽ അവിടത്തേക്ക് പുലയരുടെ അഭ്യുന്നതിയിൽ എത്രമാത്രം താല്പര്യം ഉണ്ടായിരുന്നു എന്നു കാണാവുന്നതാണ്. പുലയന്മാ

രുടെ നേതാവായ ശ്രീ അയ്യൻകാളി പോലും ശ്രീ ഗുരുദേവൻ കൊടുത്തതു പോലുള്ള ഉപദേശങ്ങളും നിർദ്ദേശങ്ങളും കൊടുത്തിരിക്കാൻ ഇടയില്ല. പ്രസംഗത്തിലെ പ്രസക്തഭാഗം ഉദ്ധരിക്കുന്നു.

"മനുഷ്യർ ഒക്കെ ഒരു ജാതിയാണ്. അവരുടെ ഇടയിൽ സ്ഥിതിഭേദമല്ലാതെ ജാതിഭേദമില്ല. ഉണ്ടാകാൻ നിവൃത്തിയുമില്ല. ചിലർക്ക് പണവും പഠിപ്പും ശുചിയും മറ്റും കൂടുതലായിരിക്കും. ചിലരുടെ നിറമായിരിക്കുകയില്ല മറ്റു ചിലരുടെ നിറം. ഈ മാതിരിയുള്ള വ്യത്യാസങ്ങളല്ലാതെ മനുഷ്യർക്കു ജാതി വ്യത്യാസം ഇല്ല. പുലയർക്ക് ഇപ്പോൾ ധനവും വിദ്യാഭ്യാസവും ഇല്ലാത്ത കുറവ് വളരെയുണ്ട്. ഇതു രണ്ടും ഉണ്ടാക്കുകയാണ് വേണ്ടത്. വിദ്യാഭ്യാസം പ്രധാനമായും വേണം. അതുണ്ടായാൽ ധനവും ശുചിയും എല്ലാം ഉണ്ടാകും. നിങ്ങൾക്കു പണമില്ലന്നു പറയുന്നത് ശരിയല്ല. നിങ്ങളെല്ലാം പണമാണല്ലോ. ദിവസവും വേലചെയ്ത് പണമുണ്ടാക്കാതെ നിങ്ങളിൽ ആരുമില്ല. ഇപ്പോൾ അതു മദ്യപാനം ചെയ്തും മറ്റും വെറുതേ പോകുന്നു. അതിൽ ഓരോ അണ വീതമെങ്കിലും മാസം തോറും ഒരു പൊതു ഭണ്ഡാരത്തിൽ ഇട്ടുകൂട്ടിയാൽ അതുകൊണ്ടു നിങ്ങളുടെ കുട്ടികളെ വിദ്യഅഭ്യസിപ്പിക്കാം. മറ്റാരുടെയും സഹായം കൂടാതെ തന്നെ നിങ്ങൾക്കു വളരെയൊക്കെ സാധിക്കും. മദ്യപാനം കഴിയുന്നതും നിറുത്തണം. ഇനി കുട്ടികളെ കള്ളുകുടിക്കാൻ അനുവദിക്കരുത്. പ്രായം ചെന്നവരും കഴിയുന്നതും മാറ്റണം. സഭകൂടി പറയേണ്ടത് മദ്യപാനം മുതലായതു നിറുത്താനാണ്. മറ്റുള്ളവരും നിങ്ങളെ സഹായിക്കാതിരിക്കുകയില്ല. ഇനിയും കൂടെ കൂടെ നിങ്ങളെ കാണുന്നതിന് ആഗ്രഹമുണ്ട്." (വിവേകോദയം 1696 ചിങ്ങം ലക്കം.)

ചുരുക്കത്തിൽ, ശ്രീ നാരായണ ധർമ്മ പരിപാലനയോഗത്തിന്റെ ചുവടുപിടിച്ച് സാധുജന പരിപാലനയോഗം സ്ഥാപിക്കാൻ പുലയരുടെ നേതാവായ അയ്യൻകാളിക്ക് പ്രചോദനവും ഉപദേശവും നൽകിയ, ആലുവയിൽ സ്ഥാപിതമായ സംസ്കൃതസ്കൂളിലും ശിവഗിരിയിൽ സ്ഥാപിച്ച വീവിംഗ സ്കൂളിലും പുലയ പറയ കുട്ടികളെ താമസിച്ചു പഠിപ്പിച്ച, പുലയ പെൺകുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനെ ചൊല്ലിയുണ്ടായ നായർ പുലയ ലഹളയിൽ പുലയരുടെ പക്ഷം ചേരാനും അവരെ സഹായിക്കാനും ഈഴവ നേതാക്കളെ ഉപദേശിച്ച, ശിവഗിരി മഠത്തിലും ആലുവാ അദ്വൈതാശ്രമത്തിലും പുലയ പറയ വിദ്യർത്ഥികളെ അന്തേവാസികളായി സ്വീകരിച്ച, ശിവഗിരിയിൽ അരിവയ്പുകാരായി പറയക്കുട്ടികളെ നിയോഗിച്ച, അവിടുന്ന് പ്രതിഷ്ഠനടത്തിയതും സ്വന്തമായി നിർമ്മിച്ചതുമായ ക്ഷേത്രങ്ങളിൽ പൂജാരിമാരായി പുലയ പറയ വിഭാഗത്തിൽപ്പെട്ടവരെ നിയമിച്ച, തിരുവിതാംകൂറിൽ അവർണ്ണർക്ക് ദളിതർ ഉൾപ്പെടെയുള്ളവർക്ക് ക്ഷേത്രപ്രവേശനം അനുവദിച്ചു കൊണ്ട് വിളംബരം പുറപ്പെടുവിക്കാൻ ശ്രീ ചിത്തിര തിരുനാൾ മഹാരാജാവിനെ പ്രേരിപ്പിച്ച, നിർബന്ധിതനാക്കിയ, ഗുരുദേവൻ നിർമ്മിച്ചതും പ്രതിഷ്ഠ നടത്തിയതുമായ എല്ലാ ക്ഷേത്രങ്ങളിലും പുലയർക്കും പറയർക്കും യഥേഷ്ടം കയറി ആരാധന നടത്താൻ അനുവദിച്ച, ദളിത വർഗ്ഗത്തിൽപ്പെട്ട മിടുക്കന്മാരായ കുട്ടികളെ ദത്തെടുത്തു പഠിപ്പിച്ച് ഉന്നതനിലയിൽ എത്തിച്ച എല്ലാറ്റിനുമുപരി അവരുടെ നാനാവിധ ഉന്നതിക്കും അനുയോജ്യമായ ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകിയ ഗുരുദേവനെ ഈഴവരുടെ മാത്രം ഉന്നതിക്കായി പ്രവർത്തിച്ച ആളാണെന്നു മുദ്രകുത്തി അപഹസിക്കാൻ ശ്രമിക്കുന്നത് കൃതഘ്നതയല്ലാതെ മറ്റെന്താണ്.

ദളിതരുടെ ഉന്നമനത്തിനായി തന്നാലാവുന്നതെല്ലാം ചെയ്ത ഗുരുദേവന്റെ സംഭാവനകളേയും അവിടുന്ന് അവരിൽ ചൊരിഞ്ഞ കാരുണ്യത്തേയും അവരിൽ ചില കുബുദ്ധികൾ പാടെ മറന്നിരിക്കുന്നു. ഈ ദു:സ്ഥിതിയെപ്പറ്റി ശിവഗിരി ധർമ്മസംഘം ട്രസ്റ്റിന്റെ മുൻ പ്രസിഡന്റും ചാലക്കുടി ഗായത്രി ആശ്രമം സ്ഥാപകനുമായ ശ്രീമദ് ഗീതാനന്ദസ്വാമികൾ ഭഗവാൻ 'ശ്രീ നാരായണഗുരു ജീവചരിത്ര പഠനം' എന്നകൃതിയിൽ 'ഹരിജനോദ്ധാരണം' എന്ന തലക്കെട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഉദ്ധരിച്ചു കൊണ്ട് ലേഖനം അവസാനിപ്പിക്കുന്നു.

ഇവിടെ നടന്ന ആദ്യകാലത്തെ ഹരിജനോദ്ധാരണപ്രവർത്തനങ്ങൾക്ക് അയ്യൻകാളി മുതൽ പേർക്ക് ഉപദേശവും ഉണർവ്വും പ്രദാനം ചെയ്തത് ശ്രീ നാരായണ ഗുരുദേവന്റെ പ്രവർത്തനങ്ങളും സമീപനങ്ങളുമാണെന്ന് ഇന്നുള്ളവർ അറിയുന്നില്ലെങ്കിലും അയ്യൻകാളിയുടെ ആത്മാവെങ്കിലും അറിയുന്നുണ്ടാവണം. അയ്യൻ കാളിയുടെ തന്നെ മകളുടെ ഭർത്താ വായിരുന്ന ടി. ടി.കേശവൻ ശാസ്ത്രികളെ കൂടെ താമസിപ്പിച്ച് വിദ്യാഭ്യാസം ചെയ്യിച്ചത് ഗുരുദേവനായിരുന്നില്ലേ? തിരുവനന്തപുരം മേയറായിരുന്ന ശ്രീ കുഞ്ഞുരാമനെ ഗുരുദേവൻ വളർത്തിയതായിരുന്നില്ലേ? എം. പി.യായി ദീർഘകാലം രാഷ്ട്രീയത്തിൽ പ്രവർത്തിച്ച എം. അച്യുതൻ ഗുരുവിന്റെ സഹായം ലഭിച്ചു വളർന്നതായിരുന്നില്ലേ? താഴ്ത്തപ്പെട്ടു കിടന്നിരുന്ന അധ:കൃത സമുദായത്തിന്റെ ഉദ്ധാരണവും അഭിവൃദ്ധിയും ലാക്കാക്കിയായിരുന്നില്ലേ ശ്രീ നാരായണ ധർമ്മ പരിപാലനയോഗത്തിന്റെ പ്രവർത്തകർ മുന്നേറിയത്? ഗുരുദേവൻ നേതൃത്വം കൊടുത്തു സ്ഥാപിക്കപ്പെട്ട ക്ഷേത്രങ്ങളിലും സ്കൂളുകളിലും പിന്നീടുണ്ടായ കോളേജുകളിലും ഈ അവഗണിക്കപ്പെട്ടവർക്ക് പ്രവേശനം കിട്ടാൻ കഴിഞ്ഞത് ഗുരുദേവന്റെ സന്ദേശങ്ങളുടെ ശക്തി കൊണ്ടല്ലേ? ശാരദാ മഠം സ്ഥാപിച്ചപ്പോൾ ശാന്തിക്കാരനായി ഗുരുദേവൻ നിയോഗിച്ചത് പുലയക്കുട്ടികളെയായിരുന്നു. അടുത്ത അന്തേവാസികളായും ബ്രഹ്മചാരികളായും ഗുരുദേവൻ അവരെ ആശ്രമങ്ങളിൽ പാർപ്പിച്ചു. ഗുരുദേവന്റെ സ്ഥാപനങ്ങളിലും ക്ഷേത്രങ്ങളിലും അവർക്ക് സർവ്വ സ്വാതന്ത്ര്യം നൽകി അവസാന ശിഷ്യനായ സ്വാമി ആനന്ദതീർത്ഥനെ ഹരിജനോദ്ധാരണത്തിനായി നിയോഗിച്ചു. എന്നാൽ അധഃകൃതർ ഗുരുദേവന്റെ സംഭാവനയെ- കാരുണ്യത്തെ മറന്നിരിക്കുന്നു."(പുറം 138)

ഗുരുസ്മരണയിൽ

നേരാം വഴികാട്ടും ഗുരുവല്ലോ
പര ദൈവം.

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

### യുവജന വിഭാഗം രൂപീകരിച്ചു

നെരൂൾ യുണിറ്റിലെ യുവജനങ്ങൾ യോഗം ചേർന്ന് ശ്രീ നാരായണ മന്ദിര സമിതിയുടെ പോഷകസംഘടനയായ യുവജനവിഭാഗത്തിന്റെ ഘടകം രൂപീകരിച്ച് നെരൂൾ യുണിറ്റിന്റെ കീഴിൽ പ്രവർത്തിക്കാൻ തിരുമാനിച്ചു. ഇതിനായി ഷിബു സുരേന്ദ്രൻ, ദീപക് ഉണ്ണികൃഷ്ണൻ, നിതേഷ് വിജയൻ, വിജിൻ വാമനൻ, അഷിതാ രാജേഷ്, റജി വിജയൻ, പ്രബീഷ ബാലൻ എന്നിവർ അംഗങ്ങളായുള്ള കോർ കമ്മിറ്റി രൂപീകരിച്ചു. ശ്രീ നാരായണ മന്ദിരസമിതി ചെയർമാൻ എം. ഐ. ദാമോദരൻ, സോണൽ സെക്രട്ടറി ശശി ദാമോദരൻ, യുണിറ്റ് സെക്രട്ടറി പി. ആർ. ബാബുരാജ് എന്നിവർ പങ്കെടുത്തു.

കലാ-കായിക-വിദ്യാഭ്യാസ രംഗങ്ങളിലും സാമൂഹ്യ പ്രവർത്തന രംഗങ്ങളിലും യുവജനങ്ങളെ അണിനിരത്തുക എന്ന ലക്ഷ്യത്തോടെയാണ് ശ്രീ നാരായണ മന്ദിരസമിതി യുവജന വിഭാഗത്തിന് രൂപം നൽകിയിട്ടുള്ളത്.

### ഡോംബിവലി ഗുരു സെന്റർ

ഡോംബിവലി-താക്കുർളി-ദിവാ യുണിറ്റിന്റെ മഹിളാ വിഭാഗത്തിന്റെ യോഗം 12-10-08 ന് വൈകിട്ട് 7.00 മണിക്ക് ഗുരു സെന്ററിൽ നടന്നു. ഗുരുപൂജ ഗുരുപുഷ്പാഞ്ജലി, സമൂഹ പ്രാർത്ഥന എന്നീ പരിപാടികൾ ഉണ്ടായിരുന്നു.

### വസായ് ഗുരുസെന്റർ ക്ലാസുകൾ ആരംഭിച്ചു.

വസായ് ഗുരുസെന്ററിൽ നടന്നു വരുന്ന ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി ഡാൻസ് എന്നീ ക്ലാസ്സിലേക്കും കർണ്ണാടക സംഗീതം, ചിത്രരചന എന്നീ ക്ലാസിലേക്കും പുതിയ ബാച്ചുകൾ ആരംഭിച്ചു. കൂടുതൽ വിദ്യാർത്ഥികൾക്ക് പുതിയ ബാച്ചിൽ പ്രവേശന സൗകര്യം ഏർപ്പെടുത്തിയതായി യൂണിറ്റ് സെക്രട്ടറി എസ്. സുരേന്ദ്രൻ അറിയിച്ചു.

### ഘാട്കോപ്പർ യൂണിറ്റ്

ശ്രീ നാരായണ മന്ദിരസമിതിയുടെ ഘാട്കോപ്പർ യൂണിറ്റ് സുഹൃദ് സമ്മേളനം 5-10-2008 ന് ഘാട്കോപ്പർ അങ്കൂർ യൂത്ത് ക്ലബ് ഹാളിൽ നടത്തി. സമിതിയുടെ ഭാരവാഹികളെ ചടങ്ങിൽ ആദരിച്ചു. പ്രസിഡണ്ട് ശ്രീ . കെ.കെ.രാമകൃഷ്ണൻ, വൈസ് ചെയർമാൻ ശ്രീ. കെ.നടരാജൻ, ജനറൽ സെക്രട്ടറി ശ്രീ. എൻ. എസ്. സലിംകുമാർ, സോണൽ സെക്രട്ടറിമാരായ ഒ.കെ. പ്രസാദ്, എം എ സുദർശൻ എന്നിവർ സംസാരിച്ചു. ട്രഷറർ ശ്രീ. വി.വി. മോഹനൻ, അസിസ്റ്റന്റ് സെക്രട്ടറി പി. കെ. വേണു എന്നിവരും ചടങ്ങുകളിൽ പങ്കെടുത്തു. യൂണിറ്റ് സെക്രട്ടറി കെ.വി.പ്രസന്നകുമാർ സദസ്സിനെ സ്വാഗതം ചെയ്തു. അസിസ്റ്റന്റ് ട്രഷറർ ശ്രീ .കെ.കെ. സുസ്മേരൻ നന്ദി പ്രകടനം നടത്തി. യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജപ്പെടുത്തുവാൻ കെ.വി. വിജയന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചു.

### സയൺ-കോളിവാഡ യൂണിറ്റ് കുടുംബ പ്രാർത്ഥനായോഗം

7-9-2008 ന് കുടുംബ പ്രാർത്ഥനായോഗം എസ്. ജിതേന്ദ്രന്റെ വസതിയിൽ ഋഷി ചൈതന്യസ്വാമികളുടെ കാർമ്മികത്വത്തിൽ ഗുരുപൂജ, പുഷ്പാഞ്ജലി, ഗുരുദേവകൃതികളുടെ പാരായണം, പ്രവചനം, ധ്യാനം, പ്രസാദ വിതരണം എന്നിവയോടെ നടന്നു. തുടർന്ന് ഋഷി ചൈതന്യസ്വാമികൾ ഗുരുദേവസന്ദേശത്തിന്റെ ആനുകാലിക പ്രസക്തി എന്ന വിഷയത്തെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

12-10-2008 ന് യൂണിറ്റിന്റെ 64-ാമത് കുടുംബപ്രാർത്ഥനായോഗം പി.എൻ. പുഷ്പന്റെ വസതിയിൽ നടന്നു. സർവ്വൈശ്വര്യപൂജ, ഗുരുപുഷ്പാഞ്ജലി, ഗുരുദേവകൃതികളുടെ പാരായണം എന്നീ ചടങ്ങുകൾ നടന്നു. വി. എൻ.പവിത്രൻ ജനനീ നവരത്ന മഞ്ജരി എന്ന സരസ്വതീ സ്തോത്ര കൃതിയെ ആസ്പദമാക്കി പ്രഭാഷണം നടത്തി. 2-11-2008 ന് പി.പി. കമലാനന്ദന്റെ വസതിയിൽ നടന്ന കുടുംബസംഗമത്തിൽ പി.പി.സദാശിവൻ പ്രഭാഷണം നടത്തി.

### കല്യാൺ യൂണിറ്റ് കുടുംബപ്രാർത്ഥനായോഗം

14-10-2008 ന് എം.ജി രാഘവന്റെ വസതിയിൽ ശ്രീമദ് വിദ്യാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ കാലത്ത് 9.00 ന് ഗുരുപൂജയും ഗുരുപുഷ്പാഞ്ജലിയും നടന്നു.

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

14-10-2008 ന് സതീ ഗോപാലന്റെ വസതിയിൽ ശ്രീമദ് വിദ്യാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ കാലത്ത് 11 ന് ഗുരുപൂജയും ഗുരുപുഷ്പാഞ്ജലിയും നടന്നു.

18-10-2008 ന് എം.കെ. പ്രിയന്റെ വസതിയിൽ ശ്രീമദ് വിദ്യാനന്ദ സ്വാമികളുടെ നേതൃത്വത്തിൽ കാലത്ത് 11 ന് ഗുരുപൂജയും ഗുരുപുഷ്പാഞ്ജലിയും നടന്നു.

### സി.ബി.ഡി.ബേലാപ്പൂർ യൂണിറ്റ്
### കുടുംബ പ്രാർത്ഥനായോഗം

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ രണ്ടാമത് കുടുംബ പ്രാർത്ഥനായോഗം ഖാർഘറിൽ എസ്.ഭരതന്റെ വസതിയിൽ 02-10-2008 ന് സോണൽ സെക്രട്ടറി ഡി.അശോകന്റെ നേതൃത്വത്തിൽ നടന്നു. മഹാഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, ഗുരുദേവ കീർത്തനാലാപനം, പ്രഭാഷണം എന്നീ പരിപാടികൾ നടന്നു. ശ്രീ നാരായണ ഗുരുദേവനും മഹാത്മാഗാന്ധിയും തമ്മിലുണ്ടായ സംവാദത്തെ ആസ്പദമാക്കി സാംസ്കാരിക വിഭാഗം ചെയർമാൻ പി.പി. സദാശിവൻ പ്രഭാഷണം നടത്തി. 19-10-2008 ന് പി.ഭാസ്കരന്റെ വസതിയിൽ കുടുംബ യോഗം നടന്നു. ശ്രീ നാരായണ കൃതികളെ ആസ്പദമാക്കി പി.പി. സദാശിവൻ പ്രഭാഷണം നടത്തി.

### സാക്കിനാക്ക യൂണിറ്റ്

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കുടുംബ യോഗം17-11-2008 ന് ഷാജി കാർത്തികേയന്റെ വസതിയിൽ ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി എന്നീ ചടങ്ങുകളോടെ നടന്നു.

### താനെ ഗുരുസെന്റർ

ഗുരുസെന്ററിന്റെ ഗുരുദേവപ്രതിഷ്ഠയുടെ രണ്ടാമത് വാർഷികം 22-10-2008 ന് ആഘോഷിച്ചു. ആലുവാ അദ്വൈതാശ്രമാചാര്യൻ ശിവസ്വരൂപ സ്വാമികളുടെ നേതൃത്വത്തിൽ ഗണപതിഹോമം, ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, മഹാപ്രസാദ വിതരണം, ഭജന, കീർത്തനാലാപം എന്നീ ചടങ്ങുകൾ നടന്നു.

### ഐരോളി യൂണിറ്റ്

യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 2-11-2008 ന് എൻ.പി. സന്തോഷ് കുമാറിന്റെ വസതിയിൽ കുടുംബസംഗമം നടത്തി. യൂണിറ്റ് സെക്രട്ടറി വി.കെ. പവിത്രൻ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

## യൂണിറ്റുകളിൽ 154-ാമതു ഗുരുജയന്തി ആഘോഷങ്ങൾ

### ഭാണ്ടൂപ് ഗുരുസെന്റർ

154-ാമത് ഗുരുദേവജയന്തി ഭാണ്ടൂപ്പ് ഗുരുസെന്ററിൽ വെച്ച് 13-09-08 ശനിയാഴ്ച പൂർവ്വാധികം ഭംഗിയായി ആഘോഷിച്ചു. രാവിലെ 6.30.ന്- വിശേഷ പൂജ. രാവിലെ 11.00 മണി മുതൽ മഹിളാ വിഭാഗത്തിന്റെ ഭജനയും, കീർത്തനവും, ഉച്ചതിരിഞ്ഞ് 2.30 മുതൽ 5.00 മണി വരെ സർവ്വൈശ്വര്യ പൂജ, തദനന്തരം മഹാഗുരുപൂജ, ശ്രീ വി.എൻ. പവിത്രന്റെ പ്രഭാഷണം, പ്രസാദവിതരണം, ലഘുഭക്ഷണം എന്നിയെ തുടർന്ന് 9.00 മണിയോടെ സമാപിച്ചു.

### മീരാറോഡ് ഗുരുസെന്റർ

154-ാമത് ഗുരുദേവ ജയന്തി ആഘോഷങ്ങൾ 13-09-2008 ന് ഗുരുസെന്ററിൽ പുഷ്പാഞ്ജലി, ഗുരുപൂജ എന്നീ ചടങ്ങുകളോടെ നടന്നു. യൂണിറ്റ് സെക്രട്ടറി പി.കെ. ജയധരൻ ചടങ്ങുകൾക്ക് നേതൃത്വം നൽകി.

### ഡോംബിവലി ഗുരുസെന്റർ

154-ാമത് ജയന്തി ആഘോഷങ്ങളോടനുബന്ധിച്ച് 13-9-2008 രാവിലെ 8.30.ന് ദീപം തെളിയിച്ചു. വൈകിട്ട് 6.30.ന് ഗുരുപൂജ, പുഷ്പാഞ്ജലി, സമൂഹാർച്ചന, സമൂഹപ്രാർത്ഥന എന്നീ ചടങ്ങുകൾ നടന്നു. 8 ന് പ്രസാദ വിതരണവും ലഘുഭക്ഷണവും വിതരണം ചെയ്തു.

### മലാഡ് (ഈസ്റ്റ്) ഗുരുസെന്റർ

ഗുരുദേവജയന്തി ആഘോഷങ്ങൾ 13-9-2008 ന് 5 മണി മുതൽ ഗുരുപൂജ, ഗുരുദേവകൃതികളുടെ പാരായണം, ഭജന എന്നീ പരിപാടികളോടെ നടന്നു.

### കല്യാൺ ഗുരുസെന്റർ

14-9-2008 ന് രാവിലെ 8 മുതൽ ജയന്തി ആഘോഷവും ഗുരുദേവപ്രതിഷ്ഠാ ദിനാചരണവും നടന്നു. ഗുരുപൂജ,

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

മഹിളാവിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രാർത്ഥന, ഗുരുദേവകൃതികളുടെ പാരായണം എന്നിവ നടന്നു. സാംസ്കാരിക വിഭാഗം സെക്രട്ടറി സി.സി. സുധാകരൻ ഗുരുദേവകൃതികളെ ആസ്പദമാക്കി പ്രഭാഷണം നടത്തി. ചടങ്ങിൽ എം.കെ. പ്രിയൻ അദ്ധ്യക്ഷത വഹിച്ചു. സ്വാമിനാഥൻ നന്ദി പ്രകടനം നടത്തി. സമ്മേളനത്തിനുശേഷം അന്നദാനം നടന്നു.

## വിദ്യാരംഭം

### താനെ ഗുരുസെന്റർ

8-10-2008 ന് മഹാനവമി പ്രമാണിച്ച് പുസ്തക പൂജ നടന്നു. 9-10-2008 ന് വിജയദശമിയും പൂജയെടുപ്പും പ്രമാണിച്ച് സരസ്വതിപൂജയും ഗുരുപൂജയും കുട്ടികളുടെ വിദ്യാരംഭവും നടന്നു. 5-ന് സർവ്വൈശ്വര്യ പൂജയും നടന്നു.

### നെരുൾ - ഗുരുദേവഗിരി

9-10-2008 ന് വിജയദശമി പ്രമാണിച്ച് സരസ്വതി പൂജയും ഗുരുപൂജയും നടന്നു. കാലത്ത് 7-ന് വിദ്യാരംഭ ചടങ്ങുകൾ നടന്നു. പ്രത്യേകമായി തയ്യാറാക്കിയ സരസ്വതീമണ്ഡപത്തിലാണ് വിദ്യാരംഭ ചടങ്ങുകൾ നടന്നത്. വിവിധ ജന വിഭാഗങ്ങൾ പങ്കെടുത്ത ചടങ്ങുകൾക്ക് ശ്രീ നാരായണ മന്ദിരസമിതി ചെയർമാൻ എം. ഐ.ദാമോദരൻ, സോണൽ സെക്രട്ടറി ശശിദാമോദരൻ എന്നിവർ നേതൃത്വം നൽകി.

### സാക്കിനാക്ക ഗുരുസെന്റർ

ഗുരുസെന്ററിൽ 8-10-2008 ന് പുസ്തകപൂജയും പൂജവയ്പും നടന്നു. 9-10-2008 ന് സരസ്വതി പൂജ, ഗുരുപൂജ, പൂജയെടുപ്പ്. കുട്ടികളുടെ വിദ്യരംഭം എന്നീ ചടങ്ങുകൾ നടന്നു.

### കല്യാൺ ഗുരുസെന്റർ

8-10-2008ന് വൈകിട്ട് 8.00 മണിക്ക് എം.കെ. പ്രിയന്റെ നേതൃത്വത്തിൽ ഗുരുപൂജ, സരസ്വതീപൂജ എന്നീ ചടങ്ങുകൾക്കുശേഷം യൂണിറ്റിലെ വിദ്യാർത്ഥികളുടെയെല്ലാം പുസ്കതങ്ങൾ പൂജയ്ക്ക് വെച്ചു. 9-10-2008ന് കാലത്ത് 9 മണിയ്ക്ക് ഗുരുപൂജ, സരസ്വതീ പൂജ, പൂജയെടുപ്പ് എന്നീ ചടങ്ങുകൾ നടന്നു. കർണ്ണാട്ടിക് സംഗീതക്ലാസ്സിലെ വിദ്യാർത്ഥികൾ പ്രത്യേകമായി ഗുരുസന്നിധിയിൽ സംഗീതത്തിന് അരങ്ങേറ്റം നടത്തി. വൈകിട്ട് 8 മണിക്ക് നടന്ന മഹാഗുരു പൂജയ്ക്ക് ശിവഗിരിയിലെ ശ്രീമത് വിദ്യാനന്ദ സ്വാമികൾ കാർമ്മികത്വം വഹിച്ചു ശ്രീ നാരായണ ഗുരുദേവൻ വിരചിച്ച ജനനീ നവരത്നമഞ്ജരീ എന്ന സരസ്വതീ സ്തോത്ര കൃതിയേ ആധാരമാക്കി ശ്രീമദ് വിദ്യാനന്ദ സ്വാമികൾ പ്രഭാഷണം നടത്തി.

## 81-ാമത് ശ്രീനാരായണ ഗുരു സമാധി ദിനാചരണം 21-10-2008ന്

### ചെമ്പൂർ

സമിതിയുടെ ആസ്ഥാനമായ ചെമ്പൂർ കോപ്ലക്സിൽ 3.30ന് സമാധി പൂജയും ഗുരുപുഷ്പാഞ്ജലിയും നടന്നു. തുടർന്ന് കഞ്ഞി വീഴ്ത്തലും പാവപ്പെട്ട കുട്ടികൾക്കായി അന്നദാനവും നടന്നു.

### ദാദർ ആഫീസ്

3.30ന് പ്രാർത്ഥന, ഗുരുപുഷ്പാഞ്ജലി, ഗുരുപൂജ, പ്രസാദവിതരണം എന്നീ പരിപാടികൾ നടന്നു.

### അംബർനാഥ് ഗുരുസെന്റർ

കാലത്ത് 8.30ന് ദീപം തെളിക്കൽ തുടർന്ന് സമൂഹ പ്രാർത്ഥന, ഗുരുപുഷ്പാഞ്ജലി എന്നീ പരിപാടികൾ നടന്നു. യൂണിറ്റ് സെക്രട്ടറി ഷൺമുഖൻ പരിപാടികൾക്ക് നേതൃത്വം നൽകി.

### കല്യാൺ ഗുരുസെന്റർ

കാലത്ത് 8.00 മണിക്ക് എം.ജി. ഗോപാലന്റെ നേതൃത്വത്തിൽ ഗുരുപൂജയും ഗുരു പുഷ്പാഞ്ജലിയും നടന്നു. 3ന് മഹിളാ വിഭാഗത്തിന്റെ നേതൃത്വത്തിൽ സമാധി പുഷ്പാഞ്ജലി ശ്രീനാരായണ കൃതികളുടെ പാരായണം എന്നീ പരിപാടികൾ നടന്നു. 6.00ന് ചേർന്ന യോഗത്തിൽ ടി.കെ. ഗോപാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എം.കെ. പ്രിയൻ, സ്വാമിനാഥൻ. കെ. ബാലൻ, എം.ജി. രാഘവൻ എന്നിവർ സംസാരിച്ചു. 8.00ന് കഞ്ഞിവീഴ്ത്തൽ നടത്തി.

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

### ഡോംബിവലി ഗുരുസെന്റർ

കാലത്ത് 9-ന് ദീപം തെളിക്കൽ നടന്നു. വൈകിട്ട് 6,ന് സമൂഹ പ്രാർത്ഥന, ശ്രീ നാരായണകൃതികളുടെ പാരായണം എന്നിവ നടന്നു.

### താന ഗുരുസെന്റർ

കാലത്ത് 7 മണി മുതൽ സമാധി ദിനാചരണ പരിപാടികൾ നടന്നു. ഗുരുപൂജ ഗുരുഭാഗവത പാരായണം അഖണ്ഡനാമജപം , മഹാഗുരുപൂജ എന്നീ പരിപാടികൾ നടന്നു.

### പവായ് ഗുരുസെന്റർ

3-ന് സമാധി പൂജ, മഹാപ്രസാദവിതരണം എന്നീ ചടങ്ങുകൾ ഉണ്ടായിരുന്നു. എം.കെ.സഹജൻ പരിപാടികൾക്ക് നേതൃത്വം നൽകി.

### സാക്കിനാക്ക ഗുരുസെന്റർ

രാവിലെ 6.30 ന് ഗുരുപൂജ, 8.ന് അഖണ്ഡനാമജപം,3.00 ന് സമാധി പൂജ, 7.ന് ഗുരുപൂജ തുടർന്ന് കഞ്ഞി വീഴ്ത്തൽ എന്നീ പരിപാടികൾ നടന്നു.

### ഗോരേഗാവ് ഗുരുസെന്റർ

9.00 മുതൽ അഖണ്ഡനാമജപം, 3.00 ന് സമാധി ഗാനാലാപനം തുടർന്ന് കഞ്ഞി വീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു.

### മലാഡ് ഈസ്റ്റ് ഗുരുസെന്റർ

8.00 മുതൽ ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി,ധ്യാനം കഞ്ഞി വീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു.

### മീരാറോഡ് ഗുരുസെന്റർ

രാവിലെ 8.30 മുതൽ ഗുരുപൂജ, ഗുരുഭാഗവത പാരായണം, സമാധിപൂജ,കഞ്ഞി വീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു.

### വസായ് ഗുരുസെന്റർ

ഗുരുസെന്ററിൽ സമാധിപൂജയും പ്രസാദവിതരണവും നടന്നു.

### വിരാർ ഗുരുസെന്റർ

9.00 മുതൽ ഗുരുപൂജ, പ്രാർത്ഥന, അഖണ്ഡനാമജപം, സമാധിപൂജ, കഞ്ഞി വീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു.

### താരാപ്പൂർ യൂണിറ്റ്

യൂണീറ്റ് ആഫീസിൽ വെച്ച് വൈകിട്ട് 7.00 ന് ഗുരുപൂജ, പ്രസാദവിതരണം, കഞ്ഞി വീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു.

### ഭാണ്ഡൂപ് ഗുരുസെന്റർ

ഗുരുദേവ തൃപ്പാദങ്ങളുടെ 81-ാമത്തെ സമാധി സമുചിതമായി ആചരിച്ചു. രാവിലെ 6.30.ന് പ്രത്യേക പൂജ 11. മണിമുതൽ 3.00 വരെ അഖണ്ഡനാമജപവും, പുഷ്പാർച്ചനയും 3.00 മണിക്ക് സമാധി പൂജ.,3.30 മണിക്ക് - സമാധി ഗാനവും, തുടർന്ന് സമർപ്പണവും, കഞ്ഞി വീഴ്ത്തലും, ശ്രീ.വി.എൻ.പവിത്രന്റെ ഭക്തി നിർഭരമായ പ്രബോധനത്തോടെ സമാധി ദിന പരിപാടികൾ പര്യവസാനിച്ചു. ശിവഗിരി സമാധി മന്ദിരത്തിലെ പവിത്രമായ ഒരുപിടി മണലും, പ്ലാവിലകളും ഭക്തരിൽ നവചൈതന്യവും ഉണർവ്വും പകർന്നു.

### ഐരോളി ഗുരുസെന്റർ

രാവിലെ 6 മുതൽ ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, ഗുരുദേവഭാഗവതപാരായണം, ഗുരുദേവസ്തോത്രങ്ങളുടെ ആലാപനം, സമാധിപൂജ, കഞ്ഞി വീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു.വൈകിട്ട് 8-ന് വിശേഷാൽ പൂജ, പ്രസാദവിതരണം എന്നീ ചടങ്ങുകൾ ഉണ്ടായിരുന്നു. യൂണിറ്റ് സെക്രട്ടറി വി.കെ.പവിത്രൻ നേതൃത്വം നൽകി.

### വാഷി ഗുരുസെന്റർ

രാവിലെ 9 മുതൽ ഗുരുപൂജ, സഹസ്രനാമാർച്ചന, സമാധിപൂജ, പ്രസാദവിതരണം എന്നീ ചടങ്ങുകൾ നടന്നു.

### ഉല്ലാസ്നഗർ ഗുരുസെന്റർ

രാവിലെ 6.30 മുതൽ പ്രാർത്ഥന, ഗുരുപൂജ, ഗുരുഭാഗവതപാരായണം, സമാധിപൂജ, കഞ്ഞിവീഴ്ത്തൽ എന്നീ ചടങ്ങുകൾ നടന്നു. വൈകിട്ട് 7.ന് വിശേഷാൽ പൂജയും ഉണ്ടായിരുന്നു.

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

### ചതയദിനാഘോഷം (ഒക്ടോബർ) ശ്രീനാരായണ മന്ദിര സമിതി യൂണിറ്റുകളിൽ

**12-10-2008 ന് സമിതിയുടെ എല്ലാ യൂണിറ്റുകളിലും ചതയദിനാഘോഷങ്ങൾ നടന്നു.**

**ചെമ്പൂർ**: ആസ്ഥാനത്ത് ഗുരുപൂജ,പുഷ്പാഞ്ജലി, സർവ്വൈശ്വര്യ പൂജ എന്നീ ചടങ്ങുകൾ നടന്നു. ബാബു ഭാസ്കരൻ ഗുരുദേവകൃതികളെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

**ദാദർ ആഫീസ്**: 6.30.ന് ഗുരുപൂജ നടന്നു.
**ഗോരേഗാവ് ഗുരുസെന്റർ**: 7.ന് ഗുരുപൂജ, ഗുരുപുഷ്പാഞ്ജലി, ഭജന എന്നീ ചടങ്ങുകൾ നടന്നു.

**പവായ് ഗുരുസെന്റർ**: ഗുരുപൂജയും, ഗുരുപുഷ്പാഞ്ജലിയും നടന്നു.

**അംബർനാഥ് ഗുരുസെന്റർ**: വൈകിട്ട് 7.ന് ഗുരുപൂജയും, ഗുരുപുഷ്പാഞ്ജലിയും നടന്നു.

**ഡോംബിവലി ഗുരുസെന്റർ**: രാവിലെ 10.ന് എം.എ സുദർശനന്റെ നേതൃത്വത്തിൽ ഗുരുപൂജയും, ഗുരുപുഷ്പാഞ്ജലിയും സമൂഹപ്രാർത്ഥനയും നടന്നു.

**മലാഡ് ഈസ്റ്റ് ഗുരുസെന്റർ**: ഗുരുപൂജ, ഭജന എന്നീ പരിപാടികൾ നടന്നു. വി.എൻ.പവിത്രൻ, കെ.എസ്. വേണുഗോപാൽ എന്നിവർ പ്രഭാഷണം നടത്തി.

**മീരാറോഡ് ഗുരുസെന്റർ**: ഗുരുപൂജയും ഗുരുപുഷ്പാഞ്ജലിയും നടന്നു. ബിജിലി ഭരതൻ ഗുരുദേവകൃതികളെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

**വാഷി ഗുരുസെന്റർ**: ഗുരുപൂജയും ഗുരുപുഷ്പാഞ്ജലിയും നടത്തി. സാംസ്കാരിക വിഭാഗം ചെയർമാൻ പി.പി. സദാശിവൻ ഗുരുദേവകൃതികളെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

**കല്യാൺ ഗുരുസെന്റർ**: വൈകിട്ട് 8.ന് സർവ്വൈശ്വര്യ പൂജയും പ്രാർത്ഥനയും നടത്തി. ശിവഗിരിയിലെ ശ്രീമദ് വിദ്യാനന്ദസ്വാമികൾ പ്രഭാഷണം നടത്തി. യോഗത്തിൽ സമിതി പ്രസിഡണ്ട് കെ.കെ. രാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. എം. കെ. പ്രിയൻ യോഗത്തിൽ സ്വാഗതം ആശംസിച്ചു. പി.എൻ. ബാബു നന്ദിപ്രകടനം നടത്തി.

**ഐരോളി ഗുരുസെന്റർ**: കാലത്ത് 7 മുതൽ ഗുരുപൂജ, ഭാഗവത പാരായണം, അന്നദാനം, എന്നീ ചടങ്ങുകൾ നടന്നു. ശ്രീ നാരായണമന്ദിരസമിതിയുടെ ജനറൽ സെക്രട്ടറി എൻ.എസ്. സലിംകുമാർ ശ്രീ നാരായണ കൃതികളെ ആസ്പദമാക്കി വൈകിട്ട് 8ന് പ്രഭാഷണം നടത്തി.

**സാക്കിനാക്ക ഗുരുസെന്റർ**: 6.45 മുതൽ ഗുരുപൂജ, ഭാഗവതപാരായണം, അന്നദാനം വൈകിട്ട് 7 ന് ദീപാരാധന, പ്രസാദവിതരണം എന്നീ ചടങ്ങുകൾ നടന്നു. യൂണിറ്റ് സെക്രട്ടറി കെ. ശശി ചടങ്ങുകൾക്ക് നേതൃത്വം നൽകി.

**പനവേൽ യൂണിറ്റ്**: യൂണിറ്റ് സെക്രട്ടറി ശശിധരന്റെ നേതൃത്വത്തിൽ എസ്.എൻ.ഡി.പി. ശാഖാ ഓഫീസിൽ നടന്ന ചടങ്ങിൽ ഗുരുപൂജ, മഹിളാവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഗുരുദേവകീർത്തനാലാപം എന്നീ ചടങ്ങുകൾ നടന്നു. തുടർന്ന് എം.ജി. രാഘവൻ ശ്രീ നാരായണകൃതികളെ ആസ്പദമാക്കി പ്രഭാഷണം നടത്തി.

### ചതയദിനാഘോഷങ്ങൾ- നവംബർ-2008

8-11-2008 ന് എല്ലാ യൂണിറ്റുകളിലും ചതയദിനാഘോഷങ്ങൾ നടന്നു. പ്രഭാഷണപരമ്പരയുടെ ഭാഗമായി ചെമ്പൂർ ആസ്ഥാനത്ത് ബിജിലി ഭരതനും ഗുരുദേവഗിരിയിൽ പി.പി.സദാശിവനും ഐരോളിയിൽ നിർമ്മലാ മോഹനനും, കല്യാണിൽ എം.ജി.രാഘവനും അംബർനാഥിൽ വി.എൻ.പവിത്രനും, വീരാറിൽ കെ.എസ്. വേണുഗോപാലും, വസായിൽ എസ്.കെ. ഗംഗാധരനും ഭാണ്ഡൂപ്പിൽ മായാസഹജനും പ്രഭാഷണം നടത്തി.

### ഭാണ്ഡൂപ് യൂണിറ്റ്- കുടുംബപ്രാർത്ഥനായോഗം
**(മുളുണ്ട്-ഭാണ്ഡൂപ്പ്-കാഞ്ചൂർ യൂണിറ്റ്)**

ഇക്കഴിഞ്ഞ 06-11-2008 വ്യാഴാഴ്ച വൈകിട്ട് യൂണിറ്റ് സെക്രട്ടറി ശ്രീ. എം.ടി.കെ. സുധാകരന്റെ വസതിയിൽ വെച്ച് നടന്നു. ഗുരു പൂജ, ഗുരു പുഷ്പാജ്ഞലി, മഹിളാ വിഭാഗത്തിന്റ ഭക്തി നിർഭരമായ ഗാനാലാപനം എന്നിവയ്ക്ക് പുറമെ കുടുംബയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള സോണൽ സെക്രട്ടറി ശ്രീ. എം.എസ്സ്. രാജുവിന്റെ ബോധവൽക്കരണം ഏവരിലും ഒരു പുതിയ ഉണർവ്വും, ഉന്മേഷവും ഉളവാക്കി. അടുത്ത

## ശ്രീനാരായണ മന്ദിരസമിതിയുടെ യൂണിറ്റ് / ഗുരുസെന്റർ വാർത്തകൾ

കുടുംബയോഗം ഡിസംബർ നാലിന് (04-12-2008) ശ്രീ. ഇ. എസ്സ്. ചന്ദ്രശേഖരന്റെ വീട്ടിൽ വൈകിട്ട് 04.30 ന് ചേരുവാൻ തിരുമാനിച്ചു.

### 100 മാസങ്ങൾ പിന്നിടുന്ന കുടുംബയോഗവും ഭവന പ്രാർത്ഥനയും.

ശ്രീ നാരായണ മന്ദിരസമിതിയുടെ വാശി-കോപ്പർഖൈർണ-തുർഭെ-സാൻപാഡ യൂണിറ്റിന്റെ ആദ്യത്തെ കുടുംബയോഗവും ഭവന പ്രാർത്ഥനയും നവി മുംബയിലെ വാശി സെക്ടർ-16-എ യിൽ ഭരതൻ-ബിജിലി ദമ്പതികളുടെ വസതിയിൽ (ഫ്ളാറ്റ് നമ്പർ-11, പത്മാലയ) 2000-മാർച്ചു മാസത്തിലെ മൂന്നാം ഞായറാഴ്ച വൈകിട്ട് 5 മണിക്ക് തുടക്കം കുറിച്ചു. അതിനു ശേഷം ഒരു മാസം പോലും മുടങ്ങാതെ 100-ാമത് കുടുംബയോഗം പൂർത്തിയാക്കിയതിന്റെ നിറവിൽ 2008-ജൂൺ 1-ാം തീയതി ഞായറാഴ്ച വൈകിട്ട് 4.30.ന് വാശി ഗുരുസെന്ററിൽ സർവൈശ്വര്യ പുജയും മഹാ ഗുരു പുജയും ശ്രീ. ശീലൻശാന്തിയുടെ കാർമ്മികത്വത്തിൽ നടക്കുകയുണ്ടായി.

തുടർന്ന് വാശിയുണിറ്റ് മഹിളാ വിഭാഗത്തിന്റെ വാർഷിക സമ്മേളനവും സംയുക്തമായി നടന്നു. ഈ സമ്മേളനത്തിൽ സമിതിയുടെ പ്രസിഡണ്ട് ബഹു: ശ്രി. കെ.കെ. രാമകൃഷ്ണൻ മുഖ്യാതിഥിയായിരുന്നു. കുടുംബയോഗവും ഭവനപ്രാർത്ഥനയും 100 മാസം തികഞ്ഞ ഈ പുണ്യ സുദിനത്തിൽ പ്രസിഡണ്ട് അവർകൾ യുണിറ്റിലെ പ്രവർത്തക്കരെ അഭിനന്ദിക്കുകയും വിശിഷ്യാ മഹിളാവേദിയുടെ പ്രവർത്തനങ്ങളെ മുക്തകണ്ഠം ശ്ലാഘിക്കുകയും ചെയ്തു.

സമ്മേളനാരംഭത്തിൽ യൂണിറ്റ് സെക്രട്ടറി ശ്രീ ആർ. ശ്രീധരൻ എല്ലാവർക്കും സ്വാഗതമരുളി. തുടർന്ന് മഹിളാവിഭാഗം സെക്രട്ടറി ശ്രീമതി ശോഭ ജയമോഹൻ വാർഷിക റിപ്പോർട്ടും, ട്രഷറർ ശ്രീമതി.ഗീതാ വിജയകുമാർ വരവു ചെലവു കണക്കും അവതരിപ്പിച്ചു. തുടർന്ന് ശ്രീമതിമാർ രത്ന ചന്ദ്രൻ, പ്രസിഡണ്ട്. നളിനി സദാശിവൻ വൈസ് പ്രസിഡണ്ട്,നളിനി ഭാസ്കരൻ അസിസ്റ്റന്റ് ട്രഷറർ,ജയശ്രീ ശ്രീധരൻ ജോയിന്റ് സെക്രട്ടറി എന്നിവർ സംസാരിച്ചു. സമിതിയുടെ, സാംസ്കാരിക വിഭാഗം ചെയർമാൻ ശ്രീ.പി.പി. സദാശിവനും മഹിളാവിഭാഗം മുൻ ചെയർപേഴ്സൺ ശ്രീമതി ബിജിലി ഭരതനും ആശംസാ പ്രസംഗങ്ങൾ നടത്തി.

മുഖ്യാതിഥിക്കും മഹിളാവിഭാഗം ഭാരവാഹികൾക്കും മറ്റു പ്രധാന പ്രവർത്തകർക്കും പൂച്ചെണ്ടുകൾ നൽകി ആദരിച്ചു. അതോടൊപ്പം യൂണിറ്റിൽ നിന്നും താമസ്സം മാറിപ്പോകുന്ന ഭരതൻ-ബിജിലി ദമ്പതികളേയും ബാലകൃഷ്ണൻ-ശോഭ ദമ്പതികളേയും ആദരിച്ചു.

ശ്രീമതി രത്നചന്ദ്രൻ കൃതജ്ഞത രേഖപ്പെടുത്തി. അതിനുശേഷം ലഘുഭക്ഷണം കഴിഞ്ഞ് എല്ലാവരും സന്തോഷമായി പിരിഞ്ഞു.

## MATRIMONIAL



Suitable alliance is invited for Trichur Ezhava Girl 5.2” , 26 years Aayillyam. Medium Built, BE (IT) working in a MNC in Mumbai
**Contact : 25220636 / 9869237700**

Mumbai settled Pathanamthitta based Ezhava parents looks suitable alliance for daughter. 30 yrs., 5’.3”, Pooram, MSc. (Life Science) pursuing Ph.D. and working in reputed research laboratry as Molicular Scientist in Mumbai
**Contact : 0251 - 2250366**



## രചനയുടെ ശതാബ്ദി ആഘോഷം

# ജനനീ നവരത്നമഞ്ജരി

ശ്രീനാരായണ ഗുരുദേവനാൽ വിരചിതമായ ജനനീ നവരത്നമഞ്ജരി എന്ന കവിത രചിച്ചതിന്റെ നൂറാമത് വാർഷികം ശ്രീനാരായണ മന്ദിരസമിതി സമുചിതമായി ആഘോഷിച്ചു. സമിതിയുടെ ആസ്ഥാനമായ ചെമ്പൂർ കോംപ്ലക്സിലെ ശ്രീനാരായണഗുരു കോളേജ് ഓഫ് കൊമേഴ്സിൽ വെച്ചു നടന്ന സെമിനാറിൽ ജനനീ നവരത്നമഞ്ജരി എന്ന വിഷയത്തെ ആസ്പദമാക്കി സമിതിയുടെ സാംസ്കാരിക വിഭാഗം അംഗമായ വി.എൻ. പവിത്രൻ പ്രബന്ധം അവതരിപ്പിച്ചു.

ഭാരതീയ കാവ്യസങ്കേതത്തിൽ കവിയും ദാർശനികനും ഒന്നാണെന്നും ശ്രീനാരായണ ഗുരുദേവന്റെ ദാർശനീകാനുഭൂതിയാണ് ശിവശതകം മുതൽ ജനനീ നവരത്നമഞ്ജരി വരെയുള്ള എല്ലാ സ്തോത്രകൃതികളിലും തെളിഞ്ഞു കാണുന്നതെന്നും ശ്രീ പവിത്രൻ തന്റെ പ്രബന്ധത്തിൽ പ്രസ്താവിച്ചു. ശാരദാമഠത്തിന്റെ സ്ഥാപനവുമായി ബന്ധപ്പെട്ട് വിരചിതമായ ഈ കവിതയിലൂടെ പ്രപഞ്ചത്തിന്റെ അടിസ്ഥാനമായ ജനനിയെ സിദ്ധാന്തപരമായി അറിയുന്നതിനോടൊപ്പം കവിതയുടെ ശബ്ദസൗകുമാര്യത്തിലൂടെ നാം കാണുന്നത് ശ്രീനാരായണ ഗുരുദേവന്റെ കവിത്വ സിദ്ധികൂടിയാണെന്നും ശ്രീ പവിത്രൻ പറഞ്ഞു. ജനനീ നവരത്നമഞ്ജരിയിലെ ഓരോ ശ്ലോകത്തേയും വിശകലനം ചെയ്തുകൊണ്ട് പവിത്രൻ പ്രബന്ധം ഉപസംഹരിച്ചു.

ശ്രീ എം.സി. ദിനകരൻ ശ്രീനാരായണ ഗുരുദേവന്റെ ജീവിതവുമായി ചേർത്തു പിടിച്ച് പ്രസ്തുത കവിതയെ വ്യാഖ്യാനിച്ചു. ഗുരുദേവന് 28-ാമത്തെ വയസ്സിനു മുൻപായി അദ്വൈതാനുഭൂതി ലഭിച്ചുവെന്നും 52-ാമത്തെ വയസ്സിൽ ഈ കവിതയിലൂടെ സാധകനെ സത്യാന്വേഷണത്തിന്റെ പുതിയ പന്ഥാവിലേക്ക് നയിക്കുകയാണെന്നും പ്രസ്താവിച്ചുകൊണ്ട് ശ്രീ ദിനകരൻ പ്രബന്ധത്തെക്കുറിച്ചുള്ള ചർച്ച ഉദ്ഘാടനം ചെയ്തു.

മുംബൈയിലെ കലാസാംസ്കാരിക രംഗത്തെ ഉറച്ച സാന്നിദ്ധ്യമായ സാഹിത്യനിരൂപകൻ ശ്രീ തിലകൻ ഗുരുദേവന്റെ സൗന്ദര്യദർശനവും സാഹിത്യദർശനവും ഈ കവിതയിലൂടെ കാണാമെന്ന് ചൂണ്ടിക്കാട്ടി. ജാതി വ്യവസ്ഥയിലും വർണ്ണ വ്യവസ്ഥിതിയിലും അധിഷ്ഠിതമായി തലകീഴായി നിന്നിരുന്ന അദ്വൈത സിദ്ധാന്തത്തെ നേരെ നിർത്തുന്ന കാഴ്ചയാണ് ഈ കൃതിയിലൂടെ സഞ്ചരിച്ചാൽ കാണുന്നതെന്ന് ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ശ്രീ. തിലകൻ അഭിപ്രായപ്പെട്ടു.

തുടർന്ന് സത്യനാഥൻ, നിർമ്മലാ മോഹൻ, ബിജിലീ ഭരതൻ, മായാ സഹജൻ, ദേവദാസ്, എം.ജി. രാഘവൻ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സമിതിയുടെ സാംസ്കാരിക വിഭാഗം ചെയർമാൻ പി.പി. സദാശിവൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. ശ്രീനാരായണ മന്ദിര സമിതിയുടെ പ്രസിഡണ്ട് (എമിററ്റ്സ്) ഡോ. കെ.കെ. ദാമോദരൻ, പ്രസിഡണ്ട് കെ.കെ. രാമകൃഷ്ണൻ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി. സമിതിയുടെ ഉപദേശകസമിതിയംഗം വി.വി. ചന്ദ്രൻ കൃതജ്ഞതാ പ്രകടനം നടത്തി. ചായ സൽക്കാരത്തോടെ പരിപാടികൾ അവസാനിച്ചു.

### സമസ്യാപൂരണം

ഗുരുദേവൻ കുമാരുവിലെ കവിത്വത്തെ കണ്ടറിഞ്ഞ് പരീക്ഷണാർത്ഥം ഒരു സമസ്യചൊല്ലി. തുടർന്നു കുമാരു അത് പൂർത്തിയാക്കി.

ഗുരു: കോലത്തുകരകുടികൊണ്ടരുളും
ബാലപ്പിറചൂടിയ വാരിധിയേ

ആശാൻ: കാലൻ കനിവറ്റുകുറിച്ചു വിടു-
ന്നോലപ്പടിയെന്നെയയക്കരുതേ

കോലത്തുകര ക്ഷേത്രത്തിൽ കുടികൊള്ളുന്ന ചന്ദ്രക്കലാധരനായ ഭഗവാനേ എന്ന ആദ്യത്തെ രണ്ടു പദ്യം ഗുരുദേവൻ ചൊല്ലിക്കൊടുത്തു. തുടർന്നുള്ള രണ്ടുവരി ക്ഷിപ്ര കവിയായ കുമാരനാശാൻ പൂരിപ്പിച്ചത് ഇപ്രകാരമാണ്: കാലൻ ഭയമില്ലാതെ എഴുതിവിട്ട കുറിമാനമനുസരിച്ച് എന്നേ അയക്കരുതേ. അതായത് എന്നെ സംസാരദുഃഖത്തിലേക്ക് നയിക്കരുതേ!

# ശ്രീ. എം. പി. വിരേന്ദ്രകുമാറിനും ശ്രീ. വേലായുധൻ പണിക്കശ്ശേരിക്കും ശ്രീ. ദീപക് ധർമ്മടത്തിനും എൻ.കെ.ഫൗണ്ടേഷൻ അവാർഡുകൾ

പ്രസിദ്ധ ചിന്തകനും കവിയും പത്ര പ്രവർത്തകനുമായിരുന്ന ശ്രീ എൻ.കെ തളിക്കുളത്തിന്റെ സ്മരണാർത്ഥം മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന എൻ.കെ ഫൗണ്ടേഷൻ ഏർപ്പെടുത്തിയിട്ടുള്ള സമഗ്ര സംഭാവനയ്ക്കുള്ള മാധ്യമ അവാർഡ് മാതൃഭൂമി ചെയർമാനും മാനേജിംങ് ഡയറക്ടറുമായ ശ്രീ. എം പി. വീരേന്ദ്രകുമാറിനും, ചരിത്രപുരസ്കാരം പ്രശ്സ്ത ചരിത്രകാരനായ വേലായുധൻ പണിക്കശ്ശേരിക്കും ഏറ്റവും നല്ല അന്വേഷണാത്മക ഫീച്ചറിനുള്ള അവാർഡ് ശ്രീ ദീപക് ധർമ്മടത്തിനും നൽകാൻ ജഡ്ജിംങ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്നു.

ഇരുപത്തി അയ്യായിരം (25,000) രൂപയും ശിൽപ്പവും പ്രശസ്തി പത്രവുമടങ്ങുന്നതാണ് സമഗ്രസംഭാവനയ്ക്കുള്ള അവാർഡ്.

മാതൃഭൂമി പ്രിന്റിംഗ് ആൻഡ് പബ്ലിഷിങ് കമ്പനിയുടെ ചെയർമാനും മാനേജിംങ് ഡയറക്ടറുമായ ശ്രീ എം.പി.വീരേന്ദ്രകുമാർ, ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് കമ്മറ്റി മെമ്പർ, പി.ടി.എ ഡയറക്ടർ, പ്രസ്സ് ഇൻസ്റ്റിട്ട്യൂട്ട് ഓഫ് ഇന്ത്യയുടെ ട്രസ്റ്റി, ഇന്റർനാഷണൽ പ്രസ്സ് ഇൻസ്റ്റിട്ട്യൂട്ട് മെമ്പർ, വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ് പേപ്പേഴ്സ് എക്സിക്യൂട്ടീവ് മെമ്പർ, ഐ.എൻ.എസ്. കേരള റീജിനൽ കമ്മിറ്റി ചെയർമാൻ എന്നീ നിലകളിലും



എം പി. വീരേന്ദ്രകുമാർ



വേലായുധൻ പണിക്കശ്ശേരി

പ്രശംസനീയമായ സേവനമനുഷ്ഠിക്കുന്നുണ്ട്. ലോക്സഭയിൽ ജനതാദൾ പാർട്ടി ലീഡറായ അദ്ദേഹം സ്റ്റേറ്റ് കമ്മിറ്റി പ്രസിഡണ്ടാണ്. കേന്ദ്രമന്ത്രി സഭയിൽ ധനകാര്യ സഹമന്ത്രിയും പിന്നീട് തൊഴിൽ വകുപ്പിന്റെ സ്വതന്ത്ര ചുമതലയുള്ള സഹ മന്ത്രിയുമായിരുന്നു. 1987-ൽ കേരള നിയമസഭാംഗവും വനം വകുപ്പുമന്ത്രിയുമായി. വനങ്ങളിലെ മരങ്ങൾ മുറിക്കരുതെന്നായിരുന്നു ആദ്യത്തെ ഉത്തരവ്. 48 മണിക്കൂറിനുള്ളിൽ മന്ത്രി സ്ഥാനം രാജിവച്ചു. വിൽപ്പനയിൽ റിക്കാർഡ് സൃഷ്ടിച്ചിട്ടുള്ള ഒട്ടേറെ പ്രശസ്ത ഗ്രന്ഥങ്ങളുടെ കർത്താവായ ശ്രീ വീരേന്ദ്രകുമാറിന് നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

അരനൂറ്റാണ്ടിലേറെ അർപ്പണ ബുദ്ധിയോടെ ഗവേഷണ പഠനങ്ങൾ നടത്തി കേരള ചരിത്രത്തിന്റെ അടിയാധാരങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന ഒട്ടേറെ ഗ്രന്ഥങ്ങൾ കൈരളിക്ക് കാഴ്ചവച്ചിട്ടുള്ള വേലായുധൻ പണിക്കശ്ശേരിയുടെ ചരിത്രഗ്രന്ഥങ്ങളെ വിലയിരുത്തിയിട്ടാണ് അദ്ദേഹത്തെ പുരസ്കാരത്തിന് തെരഞ്ഞെടുത്തിട്ടുള്ളത്. സാഹിത്യ പ്രവർത്തക സഹകരണസംഘത്തിന്റെ പ്രസിഡന്റും ആർക്കിയോളജി, ആർക്കൈവ്സ് എന്നിയുടെ സ്റ്റേറ്റ് അഡ്വൈസറി ബോർഡ് അംഗമായിരുന്ന് അദ്ദേഹത്തിന്റെ മിക്ക കൃതികൾക്കും കേരളസാഹിത്യ അക്കാദമിയിൽ നിന്നും കേരള സർക്കാറിന്റെ പ്രസിദ്ധീകരണ വകുപ്പിൽ നിന്നും വിശിഷ്ട ഗ്രന്ഥങ്ങൾക്കുള്ള പാരിതോഷികങ്ങൾ ലഭിച്ചിട്ടുണ്ട്. ചരിത്രഗവേഷണത്തിന് കേന്ദ്രസാംസ്കാരിക വകുപ്പിൽ നിന്ന് ഫെല്ലോഷിപ്പ്, കേരളീയൻ അവാർഡ്, പി. എ. സെയ്തുമുഹമ്മദ് സ്മാരക

അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. കേരള -കാലിക്കറ്റ്-എം.ജി. യൂണിവേഴ്സിറ്റികളിൽ ഏതാനും കൃതികൾ പാഠപുസ്തകങ്ങളായിരുന്നു. രണ്ടു വ്യാഴവട്ടത്തോളം താളിയോല എന്ന ഗവേഷണമാസിക നടത്തി.

2007 ജൂൺ മുതൽ 2008 ജൂൺ വരെ മാധ്യമങ്ങളിൽ വന്നിട്ടുള്ള അന്വേഷണാത്മക ഫീച്ചറുകളിൽ നിന്നാണ് അവാർഡിനർഹമായ ഫീച്ചർ ജഡ്ജിംങ് കമ്മിറ്റി തെരഞ്ഞെടുത്തിട്ടുള്ളത്. സംസ്ഥാനത്തെ ഏറ്റവും പഴക്കം ചെന്ന പെരുവണ്ണാമുഴി ഡാമിന് അപകടഭീഷണി ഉയർത്തിയ പ്രവർത്തനത്തെക്കുറിച്ചുള്ള ഫീച്ചറാണ് അവാർഡിനർഹമായത്. ഫീച്ചർ തയ്യാറാക്കിയ ശ്രീ ദീപക് ധർമ്മടം അമൃതാ ടി.വിയുടെ കോഴിക്കോട് ബ്യൂറോ ചീഫാണ്. ശ്രീ ദീപകിന് ഇതിന് മുൻപ് കേസരി ദൃശ്യമാധ്യമ അവാർഡ്, ബി.വി.ഫൗണ്ടേഷൻ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

നാട്ടിക എസ്സ്.എൻ.കോളേജ് പ്രിൻസിപ്പാൾ പ്രൊഫ: ടി ആർ.ഹാരി, ശ്രീ. ആറ്റക്കോയ പള്ളിക്കണ്ടി, ശ്രീ എൻ.കെ. ഭുപേഷ് ബാബു, ശ്രീ പി.ജി. ജോൺസൺ, പ്രൊഫ: ടി.ബി. വിജയകുമാർ എന്നിവരടങ്ങിയ ജഡ്ജിംങ് കമ്മിറ്റിയാണ് അവാർഡുകൾ നിർണ്ണയിച്ചത്.

2008 നവംബർ 30-ാം തീയതി ഞായറാഴ്ച കാലത്ത് 10 മണിക്ക് കേരള സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ സാംസ്കാരിക-രാഷ്ട്രീയ-മാധ്യമ രംഗത്തെ പ്രമുഖർ പങ്കെടുത്ത സമ്മേളനത്തിൽ വച്ച് അവാർഡുകൾ വിതരണം ചെയ്തു. പ്രശസ്ത മാധ്യമപ്രവർത്തകർ പങ്കെടുത്ത മാധ്യമ സെമിനാറും പുസ്തക പ്രകാശനവും എൻ.കെ. അനുസ്മരണ സമ്മേളനവും തുടർന്ന് ഉണ്ടായിരിന്നു.

# എൻ. കെ. ഫൗണ്ടേഷൻ

പുരോഗമന പ്രസ്ഥാനങ്ങളുടെ ശക്തനായ വക്താക്കളിൽ ഒരാളും ക989വിയും പത്രപ്രവർത്തകനും, ജീവിതം മുഴുവൻ അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ മോചനത്തിനും ക്ഷേമത്തിനും വേണ്ടി ഉഴിഞ്ഞുവെച്ച മനുഷ്യസ്നേഹിയുമായിരുന്നു എൻ. കെ. തളിക്കുളം. (1920-1973) ഏറ്റവും താഴെതട്ടിലുള്ളവരെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുവാനും, യുവാക്കളിൽ ലക്ഷ്യബോധം വളർത്തിയെടുക്കുവാനുമാണ് അദ്ദേഹം ഏറ്റവുമധികം പ്രവർത്തിച്ചിട്ടുള്ളത്. പൊളിറ്റിക്സ്, നിയമം, സാഹിത്യം, തത്ത്വചിന്ത തുടങ്ങി വിവിധ മേഖലകളിൽ അസാധാരണമായ അറിവും മേധാശക്തിയും വാഗ്വിലാസവും പ്രകടമാക്കിയ വ്യക്തിയാണ്

എൻ.കെ. നവംനവങ്ങളായ ചിന്താധാരകളെ പരിചയപ്പെടുത്തുന്ന ഒട്ടേറെ പഠനലേഖനങ്ങളുടേയും കവിതകളുടേയും കർത്താവുകൂടിയാണദ്ദേഹം. കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെ തന്നെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള മാർഗ്ഗരേഖകൾ തയ്യാറാക്കി ജനനേതാക്കളുടെ ചർച്ചയ്ക്കും പരിഗണനയ്ക്കും വിധേയമാക്കിയിരുന്നു, പ്രസിദ്ധി ഒട്ടും കാംക്ഷിക്കാത്ത അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അധികവും അണിയറയിലായിരുന്നു. കേരളത്തിനു വെളിയിലാണ് ദീർഘകാലം അദ്ദേഹം പ്രവർത്തിച്ചിരുന്നത്. കനിവിന്റെ നിറകുടവും മനുഷ്യനന്മയുടെ മൂർത്തിമത് ഭാവവുമായിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ തുടർച്ചയായി സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-മാധ്യമമേഖലകളിൽ പ്രവർത്തിക്കാനും പ്രസ്തുത മേഖലകളിൽ നിസ്തുലസേവനമനുഷ്ടിക്കുന്നവരെ ആദരിക്കാനുമാണ് മുംബൈ ആസ്ഥാനമാക്കി എൻ.കെ.ഫൗണ്ടേഷൻ രൂപീകരിച്ചിട്ടുള്ളത്. മുംബൈയിൽ വിജയകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫൗണ്ടേഷന്റെ പ്രവർത്തനം കേരളത്തിലേക്കും വ്യാപിപ്പിക്കുകയാണ്.

# MAHATMA JOTHI RAO PHULE 1827-1890

*Sathyabai Sivadas*

Among the social reformers of India, Jothi Rao Phule, lovingly called Jothiba, was the first Shudra to raise his voice against casteism and demand social justice. His main objectives were eradication of caste system, establishing the right to education to Shudras and Atishudras, liberation of common man from exploitation by Brahmin priests in the name of religious rituals, equality of men and women in the society, and liberation of farmers from economic exploitation by the upper caste feudal lords.

He was born in a Shudra family of Maali caste, in Poone in 1827. Their family profession was cultivation and sale of vegetables and flowers. Jothi Rao's father, Govinda Rao, wanted to educate his son. But in those days education was denied to Shudras as per caste rules. Only Brahmins, Kshatriyas, and Vaisyas, who were on the upper rungs of the caste hierarchy had the privilege of education. Moreover professions were caste linked. Shudras were meant to serve the



upper castes, and the Atishudras were confined to agricultural labour and menial works like scavenging for which they did not need education. They were easily convinced that eduation was the prerogative of the upper castes. So, when Jothi Rao was sent to school, there were mixed reactions. The Shudras and lower castes felt that it was an unwanted luxury .They told Govinda Rao that an educated boy may not take up his profession at a later date, which would be disastrous to their existence. The upper castes, especially, the Brahmins felt that it was an act of defiance, denial of religion and God. Anyway, all of them together persuaded Govinda Rao to withdraw his son from school. As tradition demanded, 13 years old Jothi was married to 8 years old Savitri Bai.

But the boy did not give up learning. He went on reading books. The father was much impressed by the boy's enthusiasm and abilities. Some non-Hindu friends implored him to send his son back to school. Thus Jothi's education was resumed. Every day he used to teach his wife, what he learnt at school.

During his school days, he and his friend Sadasiva Ballal Govande were voracious readers. They were very much influenced by Thomas Paine's Rights of man and John Stuart Mill's On Liberty and the biographies of George Washington and Chatrapati Sivaji.

These books implanted patriotism and the ideas of liberty, equality and fraternity in their young minds.

A personal insult to Jothiba triggered off matters. He was insulted and sent away from a

wedding procession of Brahmins on account of his caste. He was told on his face, “ You are a Shudra – A Shudra has no right to walk beside a Brahmin. The Shudra’s position is much below and behind the Brahmins. However much he tries, the Shudra cannot claim equality with the Brahmin_ _ _.”

Jothiba was hurt to the core and he went home weeping. His father tried to console him by pointing out that social norms had to be accepted. If it were the Peshwa’s regime, the punishment for breaking caste rules would have been to crush the person’s head under elephants feet. Jothiba had escaped that fate, he expressed.

Jothiba was not convinced. He could not swallow the glaring injustice. He saw masses around him living in total ignorance about their right, in meek submission to the caste rules and denials imposed on them by Brahmin priests, in the name of religion. Jothiba decided this condition could not be allowed to continue, something had to be done about it.

Jothiba’s visit to a girl’s school in Ahmednagar, run by American missionaries, exposed to him another area of injustice . The Principal of the school Miss.Farar expressed her unhappiness over the way in which women were neglected and ill-treated in India. The woman, irrespective of caste, had no freedom, no rights, and no voice. It needs a social revolution to change all these.

Jothiba launched his first step in 1850. He started a school for Atisudra (untouchable) girls in Budhavarpet. When there was parental protest against girls being taught by a man, Jothiba sent his wife to teach. He used to teach her every day, the lessons for the next day. The Brahmin community was shocked. The untouchables and the Shudras had no right to education. And here was a Shudra man and his wife to teach untouchable girls! It was the height of defiance of Manu’s rules. Jothiba rejected Manu’s rules saying that they were not relevant to modern times. So the “Heirs of Manu”, pressurized Govinda Rao to control his son. But Jothiba refused to close down the school. So he and his wife were turned out of the house. The school had to be closed due to financial reasons.

Jothiba reopened the school after a few months. By this time Savitri Bai and Govande’s wife Saraswathi Bai were educated enough to work as teachers. Savitri Bai took up the responsibility of running the school. The Heirs of Manu used to insult her, humiliate her by throwing mud on her while she was going to school,. But she continued. In spite of all these resistance, Jothiba opened three more schools for girls. The performance of the schools was much appreciated by the authorities. He and his friends, along with some parents started Stree Vidya Samstha, to take care of women’s educations. Phule was felicitated by the authorities for his contributions to women’s education.

Jothiba next opened a rescue home for Brahmin widows (1860). He had seen that as a result of child marriages, which as the norm in the those days, young widows were common and remarriage for Brahmin widows was strictly forbidden by Manu’s laws.

Unfortunately, if a young widow became pregnant, she was turned out of her house mercilessly. Unable to bear the social taboo, she committed suicide or if she lived to give birth in secret, she would kill the infant. Jothiba was moved by the plight of these young widows and started a rescue home to save them from this predicament. In this orphanage they were given shelter and facilities for confinement, and if the young widow was unable to take care of her child, the orphanage took care of it. The Brahmins tried

everything under the sun to stop this orphanage but they could not. He raised his voice against child marriage also.

Apart from all these, Jothiba Phule's attention was concentrated on the miserable lives led by farmers and the exploitation to which they were subjected to by Brahmin feudal lords. In 1855 he published a drama Thritiya Ratna in which he clearly explained how religious oppression and economic exploitation were interlinked. In the name of rituals, the Brahmin priests used to demand and extract very high Dakshina. This exposure infuriated the Brahmins and they tried to get him killed, (1856) but did not succeed as the mercenaries they engaged became Jyothiba's followers.

In 1873, he along with some friends started Satya Shodhak Samaj to defend the rights of the untouchables. He felt that in order to destroy Brahmin supremacy, all non Brahmin castes had to unite.

Another book published by him in 1873, 'Gulam Giri' (slavery) became the source of inspiration for a massive people's movement, Sathya Shodhana Movement, for social justice. In this book he expressed that the non-Brahmin castes were the producers of wealth and the sustainers of life. Officials like collectors, would understand the problems of farmers, if they were from the farmers.

The cultivators' Whip Cord is a collection of speeches by Jothiba during 1882. In this he describes the common problems of farmers all over India. He suggested that the only way to resolve the conflict between the Brahmin elites and the ethnic people was to get the educated ethnic people to take up official positions, occupied hither to by Brahmin elite. This would bring equality.

His representations to Govt. officials about the farmers conditions and other social evils like child marriages are interesting social documents.

The title of Mahatma was conferred on him by the people in 1888. He breathed his last on 29.11.1890. He was the only social reformer who traveled all over Maharashtra to unite people.

---

*(തുടർച്ച...)*

# ഗുരുദേവഗിരി മുതൽ ശിവഗിരി വരെ...

രഥത്തെ ഗുരുസമാധിയിലേക്ക് ആനയിച്ചു. ശ്രീ. ശശിദാമോദരൻ ഞങ്ങൾക്ക് ഭക്ഷണവും താമസ സൗകര്യവും ഒരുക്കിയിരുന്നു.

31-ാം തീയതി കാലത്ത് അഞ്ചരമണിയോടെ ശിവഗിരി ധർമ്മസംഘത്തിന്റെ റിക്ഷാ എഴുന്നെള്ളിപ്പിൽ പങ്കുകൊള്ളാൻ ഞങ്ങൾ രഥത്തിനുമുന്നിൽ അണിനിരുന്നു. മന്ദിരസമിതിയുടെ ബാനർ പിടിച്ചുകൊണ്ടുള്ള ആദ്യത്തെ തീർത്ഥാടനഘോഷയാത്ര. അനവധി രഥങ്ങളുണ്ടായിരുന്നുവെങ്കിലും ഞങ്ങളുടെ രഥത്തിനുമാത്രം ഒരു സവിശേഷതയുണ്ടായിരുന്നു. ഗുരുദേവൻ മുന്നോട്ടു നോക്കിയിരിക്കുന്ന രഥമായിരുന്നു ഞങ്ങളുടേത്. അതും മന്ദിരത്തിന്റെ രൂപത്തിൽ. കർണ്ണാടകയിൽ ഗുരുവിനെ പിന്നോട്ടു നോക്കുന്ന രീതിയിൽ വെക്കുകയില്ല എന്നുള്ളതുകൊണ്ട് വിഖ്യാതാനന്ദസ്വാമികളുടെ മേൽനോട്ടത്തിലായിരുന്നു രഥം പണിതത്. ആറരയ്ക്ക് തുടങ്ങിയ തീർത്ഥാടന ഘോഷയാത്ര 11 മണിയോടെ തിരിച്ചു ഗുരു സമാധിയിലെത്തി. ഉച്ചയ്ക്കു ഗുരു പൂജാ ഹാളിൽ നിന്നും ഭക്ഷണം കഴിച്ച് ഞാൻ തൃശൂർകാരോടൊപ്പം തൃശൂരിലേക്കു പോയി. ഒന്നാം തീയതി ഗുരുവായൂർ ദർശനം കഴിഞ്ഞ് ഞാൻ തിരിച്ച് മുംബൈയിലേക്ക്.

തീവ്രവാദികൾ നിണമണിയിച്ച മുംബൈ നഗരത്തിൽ നിന്ന് ഞങ്ങൾ നടത്തിയ മതസൗഹാർദ്ദശാന്തി സന്ദേശയാത്ര ഒരു തുടക്കം മാത്രമാണ്. സമയ ദൗർലഭ്യം ഒരു വലിയ പോരായ്മയായിരുന്നുവെങ്കിലും ഇതൊരു വിജയകരമായ യാത്ര തന്നെയായിരുന്നു. ഇനി വരും കാലങ്ങളിൽ ഒരു അഖിലേന്ത്യാ ഗുരു സന്ദേശ പ്രചരണ ജാഥ നടത്താൻ ഗുരുദേവൻ അനുഗ്രഹിക്കട്ടെ എന്നു നമുക്കു പ്രാർത്ഥിക്കാം.

●

## ഗുരുരത്നം ത്രൈമാസികയിൽ വരിക്കാരാകാം

ഗുരുരത്നം ത്രൈമാസിക തപാലിൽ ലഭിക്കുന്നതിന് മൂന്നുവർഷത്തേക്ക് 100 രൂപ, ആജീവനാന്തം 500 രൂപ മണി ഓർഡറായോ, മുംബൈയിൽ മാറ്റാവുന്ന ചെക്ക്, ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ **Sree Narayana Mandira Samiti** എന്ന പേരിൽ Sree Narayana Mandira Samiti, Sree Narayana Nagar, P.L.Lokhade Marg, Chembur, Mumbai – 400 089 *എന്ന വിലാസത്തിൽ താഴെ കൊടുത്ത ഫോറം പൂരിപ്പിച്ച് അതോടുകൂടി അയക്കുവാൻ താൽപര്യപ്പെടുന്നു.*

# ഗുരുരത്നം
**GURURATNAM** **QUARTERLY**

*Published by :*
**SREE NARAYANA MANDIRA SAMITI**
Sree Narayana Nagar, P.L.Lokhade Marg, Chembur,
Mumbai – 400 089
Tel: 2529 5337/25286104/25276083 Fax: 25295347
E.mail: samiti2@mtnl.net.in Website: www.snms.in

**Sr.** ____________

Name : ______________________________

Address : ______________________________

Tel. No. (With STD Codes) : ______________ Mobile No. : ______________

E-mail ID : ______________________________

**Subscription for**

(a) Three Years Rs. 100/- ☐ (b) Life Time Rs. 500/- ☐

Paid by Cheque / Draft No. ______________ dated ____________ drawn on **SREE NARAYANA MANDIRA SAMITI** / money orders.

- - - - - - - - - - - - - - - - - - - - - - - - - - - - - - - -

Date : ____________ ***Signature***

**Office Use**

Received Rs. __________ vide Receipt No. ____________ dt. __________
by Cash/Cheque

***Signature***